മലങ്കര

# ഹിദയാജിതൻ

പുസ്തകം ൭ | ൧൧൦൮ തുലാം, വൃശ്ചികം. | ലക്കം ൧൦, ൧൧

## ബിലയാം; ഇരുമുഖപ്രവാചകൻ

(എൻ. കെ. ലൈൻബർഗർ—ഷെറിയം)

"ഞാൻ നീതിമാന്റെ മരണം മരിക്കട്ടെ; എന്റെ അവസാനവും അവന്റേതുപോലെ ആകട്ടെ." സംഖ്യ. ൨൩: ൧൦.

"അവൻ അനീതിയുടെ കൂലി കൊതിച്ചു". ൨ പത്രൊ. ൨: ൧൫.

ബിലയാം ഇരുമുഖമുള്ള മനുഷ്യനാകയാൽ എന്റെ പ്രസംഗത്തിനു രണ്ടു പിരിവുകൾ മാത്രമെ ആവശ്യമുള്ളു. പ്രസ്തുത പിരിവുകൾ രണ്ടുകൊണ്ടും മനുഷ്യന്റെ ഇരുവശങ്ങളെക്കുറിച്ചു വ്യവഹരിക്കാൻ അനുഗ്രഹിക്കുന്നു.

പ്രസംഗവാക്യങ്ങൾ രണ്ടും മനുഷ്യന്റെ ഉഭയവശങ്ങളെ സൂചിപ്പിക്കയും ഒരു ക്ലിപ്തപരിമാണത്തിൽ അവയെ വിവരിച്ചു കാണിക്കയും ചെയ്യുന്നു. അവയിൽ ആദ്യവാക്യം പ്രവാചകൻ പർവ്വതത്തിനു മീതെയുള്ള ബാലിന്റെ ബലിപീഠത്തിന്റെ അരികെ നിന്നുകൊണ്ടു പാളയമടിച്ചു കിടക്കുന്ന ഇസ്രായേലിനെ നോക്കിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ പറയുന്ന സ്വന്തവാക്കുകളാണ്. "ഞാൻ നീതിമാന്റെ മരണം മരിക്കട്ടെ; എന്റെ അവസാനവും അവന്റേതുപോലെ ആകട്ടെ" എന്ന് അവൻ പറയുന്നു. ഭക്തിമയഗർഭത്തിലുള്ള ഈ വാക്കുകൾ പ്രവാചകൻ തന്റെ ഇച്ഛയ്ക്കും ഇസ്രായേലിനെ ശപിക്കുന്നതിന് തന്നെ കൊണ്ടുവന്ന മോവാബ് രാജാവായ ബാലാക്കിന്റെ നിർബന്ധത്തിനും വിപരീതമായി ഇസ്രായേലിനെ ശ്ലാഘിച്ചു ചൊല്ലിയ ഒരു കവിതയുടെ അവസാനഭാഗമാകുന്നു.

രണ്ടാമത്തെ വാക്യം ദൈവപ്രേരിതനായ പത്രോസപ്പോസ്തലന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതും ബിലയാമിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ചുരുക്കവും യഥാർത്ഥവുമായ ഒരഭിപ്രായവുമാകുന്നു. "അനീതിയുടെ കൂലി കൊതിച്ച ബെയോറിന്റെ പുത്രനായ ബിലയാം" എന്നത്രെ ആ വചനം മനുഷ്യൻ തന്നെക്കുറിച്ചു പറയുന്നത്

ന്ന് ആദ്യവാക്യം. രണ്ടാമത്തേതോ ദൈവം തന്റെ ദാസൻ വഴി മനുഷ്യനെക്കുറിച്ചു പറയിക്കുന്നതാണ്.

നീതിമാന്റെ മരണമായി താൻ മരിക്കണമെന്നു ബിലയാം പറയുന്നു. എന്നാൽ അപ്പോസ്തലനോ അനീതിയുടെ കൂലി കൊതിച്ചുകൊണ്ട് അവൻ ജീവിച്ചിരുന്നുവെന്നു സാക്ഷിക്കുന്നു.

അനീതിയിൽ ജീവിച്ചിരുന്ന ഒരുവന് നീതിമാന്റെ മരണം മരിക്കുക അസാദ്ധ്യം. ബിലയാമിന്റെ ജോലി നല്ലതായിരുന്നു. എന്നാൽ അവന്റെ നടത്ത ചീത്തയായിരുന്നു. അവന്റെ ആദർശം (യഥാർത്ഥത്തിൽ അതു അവന്റേതു ആയിരുന്നാൽ) ശ്രേഷ്ഠം തന്നെ. എന്നാൽ അവന്റെ പ്രവൃത്തികളും അഭിലാഷം ശ്രേഷ്ഠമല്ലായിരുന്നു.

ജോൺബനിയന്റെ "ഇരുവഴി നോക്കുന്നവൻ" ബിലയാമിന്റെ അച്ചിൽ വാർത്തുണ്ടാക്കിയ ഒരു കഥാപാത്രമാണെന്നു ഞാൻ വിചാരിക്കുന്നു.

## I. പ്രവാചകന്റെ നല്ല വശം.

1. അവനു ചില അസാധാരണവരങ്ങളുണ്ടായിരുന്നു. പൗരസ്ത്യവിജ്ഞാനികളിൽ ഒരുവൻ അതായതു വലിയ കീർത്തിയുള്ള ഒരു ദർശകൻ; മാഗി എന്ന് അറിയപ്പെട്ടവരായി കിഴക്കുനിന്നു വന്ന വിദ്വാൻ സംഘത്തിന്റെ മുന്നോടി എന്നീ ശ്ലാഘ്യനാമങ്ങൾക്ക് അവൻ അർഹനായിരുന്നു. അവരുടെ ഇനത്തിൽപെട്ട ചിലരാണ് യേശുവിന്റെ ജനനകാലത്തു ബേതലഹേമിൽ വന്നതു്. പക്ഷെ ബിലയാം ഭംഗിയായി വർണ്ണിച്ചിട്ടുള്ള "യാക്കോബിൻ നക്ഷത്രം" ആയിരിക്കാം അവരെ വഴി കാണിച്ചതും.

ബിലയാം മതവിശ്വാസിയായിരുന്നെങ്കിലും കർത്താവിന്റെ കാലത്തു വന്ന വിദ്വാന്മാരെപ്പോലെ നിഷ്കളങ്കനും നൈഷ്ഠികനുമായിരുന്നില്ല. അവൻ നല്ല പ്രാപ്തിയുള്ള ഒരു മനുഷ്യനും ഉയർന്ന തരത്തിലുള്ള ഒരു കവിയുമായിരുന്നു. ബൈബിളിലെ ആദിമഗ്രന്ഥങ്ങളിൽ കാണുന്ന ഏറ്റം വിശേഷമായ കവിതകളിൽ ചിലതു ബിലയാമിന്റേതാകുന്നു.

ബിലയാം ഒരു എബ്രായനല്ലായിരുന്നുവെങ്കിലും ദൈവപ്രേരണയുള്ള ദർശകനും കാലസ്ഥിതിയനുസരിച്ചു വെളിച്ചവും അറിവും ലഭിച്ച പരിഷ്കൃതനും അസാധാരണശക്തിയും അന്തർദൃഷ്ടിയുമുള്ള ഒരു ദർശകൻ എന്നു ഒന്നിലധികം രാജ്യങ്ങളിൽ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളവനുമായിരുന്നു.

ഒരു ദർശകന് അനുഗ്രഹമോ ശാപമോ ഉച്ചരിക്കുന്നതിനു അവകാശമുണ്ടെന്നും ആ അനുഗ്രഹശാപങ്ങൾ അനിവാര്യമായ വിധത്തിൽ ഫലിക്കുന്നവയാണെന്നും ആ കാലത്തു വിശ്വസിച്ചിരുന്നു. അതുകൊണ്ടാണു മോവാബിലെ രാജാവ് വാഗ്ദത്തദേശത്തേക്കു യാത്ര ചെയ്തുകൊണ്ടിരുന്ന ഇസ്രായേൽ ജനങ്ങളെ ശപിപ്പാൻ ബിലയാമിനെ വിളിച്ചതു്. അസൂയയുള്ള ആ അധിപതി അവരെ കണ്ടു ഉടൻ ഭയന്നുപോയി. രാജാവ് ഇങ്ങനെ പറഞ്ഞു. "നീ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ; നീ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ".

2. അവനു സൂക്ഷ്മമനസ്സാക്ഷിയും ശക്തിപ്പെട്ട മതബോധവും ഉള്ളവനായിരുന്നു എന്നു വേണം വിചാരിപ്പാൻ. എങ്ങിനെയായിരുന്നാലും ആദിയിൽ അവൻ ഇങ്ങനെയിരുന്നുവെന്നു വിചാരിക്കാൻ ന്യായമുണ്ടു്. കാരണം, അവനുണ്ടായിരുന്നതുപോലെയുള്ള ദൈ

വത്തെക്കുറിച്ചുള്ള അറിവും ദൈവ
ത്തോടുള്ള ഇടപാടും മതബോധവും യ
ഹോവ തന്നോടുകൂടി ഇല്ലാത്ത ഒരു മ
നുഷ്യന് ഉണ്ടായിരിപ്പാൻ നിവൃത്തി
യില്ല.

അവൻ ഒരു പ്രാർത്ഥനാമനുഷ്യനാ
യിരുന്നു. ബാലാക്കിന്റെ ഭൃത്യന്മാർ
ഇസ്രയേലിനെ ശപിക്കുന്നതിന് അ
വനെ വിളിക്കാൻ ചെന്നപ്പോൾ അ
വൻ വളരെ നേരം പ്രാർത്ഥനയിൽ ക
ഴിച്ചു. അനന്തരം അവന്റെ സ്വഭാവം
വെളിപ്പെട്ടുവരുന്നു താഴെ വരുംപ്രകാ
രം പറഞ്ഞു. "ബാലാക്കു തന്റെ ഗൃ
ഹം നിറച്ചു വെള്ളിയും പൊന്നും ത
ന്നാലും യഹോവയുടെ കല്പന ലംഘി
ച്ചു ഗുണമെങ്കിലും ദോഷമെങ്കിലും സ്വ
മേധയായി ചെയ്യുവാൻ എനിക്കു കഴി
യുന്നതല്ല".

അവന്റെ പ്രാർത്ഥനകൾ വളരെ
ആരോഗ്യകരമായ നിലയിലുള്ളവയാ
യിരുന്നില്ലെന്നുള്ളതു നിശ്ചയംതന്നെ.
നമ്മിൽ അനേകരേയുംപോലെ വല്ല
ആപത്തും നേരിട്ടുമ്പോഴോ വല്ലതും ല
ഭിക്കണമെന്നു തൃഷ്ണയോടു് ആഗ്രഹിക്കു
മ്പോഴോ മാത്രമാണ് അവൻ പ്രാർത്ഥി
ക്കുന്നതു്.

ഒടുവിൽ തന്റെ മനസ്സാക്ഷിയെ
മന്ദമാക്കിയും വെച്ചു മോവാബിലേക്കു
പോകുമ്പോൾ ദൈവത്തിന്റെ ദൂതൻ
അവനെ അഭിമുഖീകരിക്കയുണ്ടായി.
ആ ഘട്ടത്തിലത്രെ അവൻ മനസ്സാ
ക്ഷിക്കു കുത്തലുണ്ടായിട്ടു താൻ പാപം
ചെയ്തുപോയി എന്നുപറഞ്ഞതു്. ദൈ
വത്തിനു തന്റെ യാത്ര അതൃപ്തിയാ
ണെന്നു കണ്ടപ്പോൾ അവൻ പിന്നോ
ക്കം പൊയ്ക്കൊള്ളാമെന്നു വാഗ്ദാനം
ചെയ്തു. ഇതൊരു ശ്രേഷ്ഠസ്വഭാവമാ
ണ്. മനുഷ്യൻ എപ്പോഴെങ്കിലും ചെയ്യു
ന്നഎത്രയും ധീരതയും പൗരുഷവുമുള്ള
പ്രവൃത്തികളിൽ ഒന്ന് "താൻ പാപം
ചെയ്തുപോയി" എന്നു സമ്മതിക്കു
ന്നതാകുന്നു.

ബിലയാമിന്റെ മനസ്സാക്ഷിയിൽ
നടക്കുന്ന ഭയങ്കര പോരാട്ടം ഇപ്പോൾ
കണ്ടു തുടങ്ങുന്നു. എന്നാൽ എത്രയും ഉ
ള്ളിൽനിന്നു ഉണ്ടാകുന്ന ദൈവശബ്ദ
ത്തിന്റെ വിളിയെ വേഗത്തിൽമൗനീ
കരിച്ചശേഷം തന്റെ മേൽ ജയം
കൊണ്ട ആഗ്രഹത്തിനു കീഴ്പ്പെട്ടു
ബാലാക്കിന്റെ അടുക്കലേക്കു് അവൻ
പോയി. ഈവിധം ആത്മാ നിഷ്പ്രയാ
സം അമർത്തപ്പെട്ടു കീഴ്ത്തരമായ അ
വന്റെ ആഗ്രഹം ജയംകൊള്ളുന്ന തീ
രുമാനമായിത്തീർന്നു. ബാലാക്കിന്റെ
ആളുകളോടുകൂടി രാജാവിന്റെ അടുക്ക
ലേക്കു അവൻ പോകുന്നതിനാൽ അ
വനേയും നമ്മെയും വിസ്മിതരാക്കി
ത്തീർക്കുന്നു.

പോപ്പ് എന്ന കവി ഇങ്ങനെ പ
റഞ്ഞിരിക്കുന്നു: "ദുഷ്ടത എന്നുള്ളതു
നോക്കുവാൻകൂടി കഴിയാതെവരുന്നും അ
ത്ര ഭയങ്കരാകൃതിയിലുള്ള ഒരു ദുഷ്ടജന്തു
വാകുന്നു. എന്നാൽ അതിനെ കൂടക്കൂ
ടെക്കാണുന്നപക്ഷം അതിന്റെ മുഖ
പരിചിതമാകുന്നു. ആദ്യം നാം അതു
സഹിക്കുന്നു. പിന്നെ നമുക്കു അത
നോടു അനുകമ്പ തോന്നുന്നു. അനന്ത
രം നാം അതിനെ ആലിംഗനം ചെയ്യു
ന്നു."

എന്നാൽ ഇസ്രായേലിന്റെമേൽ
ശാപോച്ചാരണം ചെയ്യുമെന്നു രാജാവു
ജനങ്ങളും പ്രതീക്ഷിച്ചുകൊണ്ടിരിക്കെ
ബിലയാം നേർവിപരീതമായി അനുഗ്ര
ഹം ഉച്ചരിക്കയാണു ചെയ്തതു്. അവ
ഇങ്ങിനെ പറഞ്ഞു: "ദൈവം ശപി
ക്കാത്തവനെ ഞാൻ എങ്ങിനെ ശപി
ക്കും? യഹോവ പ്രാകാത്തവനെ ഞാ

എങ്ങിനെ പ്രാകും? ഞാൻ നീതിമാന്റെ മരണം മരിക്കട്ടെ; എന്റെ അവസാനവും അവന്റേതുപോലെയാകട്ടെ" അവൻ ഇപ്പോഴും തെന്നുന്ന വഴിയിൽകൂടി ഇറങ്ങി ലജ്ജാകരമായ ഒത്ത (compromise) രാജിയിലെത്തിയിരിക്കുന്നു. എങ്കിലും അവന്റെ മനസ്സാക്ഷി നിശ്ശേഷം തെളിക്കൊല്ലപ്പെട്ടിട്ടില്ല. ഇസ്രായേലിനെ ശപിക്കുന്ന വിക്രത്ത പ്രവൃത്തിക്കു കുനിഞ്ഞു കൊടുപ്പാൻ ഇപ്പോഴും അവന്നു സമ്മതം വന്നിട്ടില്ല. മൂന്നു സ്ഥലങ്ങളിൽനിന്നുകൊണ്ടു തന്റെ പ്രവൃത്തിയെ നീതികരിച്ചുറപ്പിപ്പാൻ ദൈവത്തോടു മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു. എന്നാൽ ആ മൂന്നു പ്രാവശ്യവും ദൈവം വിപരീതമായി നില്ലയാണരുളിയതു്.

ഒടുവിൽ ഇതാ! മോശ കഴിച്ചിടപ്പെട്ടവാനുള്ള പിസ്ഗാ മലയുടെ മുകളിൽ ബിലയാം നിൽക്കുന്നു. താഴ്‌വരയും മൈതാനവും നിറഞ്ഞുകിടക്കുന്ന ഇസ്രായേലിനെ കണ്ടപ്പോൾ അവന്നു ദൈവാവേശമുണ്ടായി. അവന്റെ മഹിമയുള്ള വാക്കുകളാവിതു്: "യാക്കോബേ, നിന്റെ കൂടാരങ്ങൾ, യിസ്രായേലേ, നിന്റെ നിവാസങ്ങൾ എത്ര മനോഹരം!" ഇതു പറഞ്ഞശേഷം അവൻ ദർശനത്തിൽ ഭാവിയിലേക്കു കടന്നു മശിഹായുടെ ദിവസങ്ങളെ പ്രദക്ഷണം വയ്ക്കുന്നതായി കാണുന്നു.

"ഞാൻ അവനെ കാണും, ഇപ്പോഴല്ലതാനും; ഞാൻ അവനെ ദർശിക്കും, അടുത്തല്ലതാനും. യാക്കോബിൽനിന്നു ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽനിന്നു ഒരു ചെങ്കോൽ ഉയരും" വിഫല ശ്രേഷ്ഠനായ ഈ പ്രവാചകനിൽ വളരെ മഹിമയും നന്മയും നിശ്ചയമായി നാം കാണുന്നുണ്ടു്.

## ശുദ്ധീകരിക്കപ്പെടാത്ത അറിവു്

## ഒരു ശാപംതന്നെ.

എന്തുമാത്രം വിശേഷതകൾ ഉണ്ടാ-യിരുന്നിട്ടും വേദത്താലും, യുഗങ്ങളെ-ളാലും ശിക്ഷയ്ക്കു വിധിക്കപ്പെട്ടവനാ-യി ബിലയാം നിൽക്കുന്നു. അവനില-ള്ള നന്മ യാദൃച്ഛികമായിരുന്നു, മാത്രമ-ല്ല, അതു് അവന്റെ ജീവപ്രവാഹത്തി-ന്റെ മുഖ്യഭാഗമല്ലായിരുന്നു. പരമാ-ർത്ഥമില്ലായ്മയുടെയും, സ്വത്വബോധ-ടേയും, ഇരുവിധപ്രവൃത്തികളുടേയും കെട്ടുപാടുകളുടേയും സാദൃശമായി അ-വൻ തീർന്നിരിക്കുന്നു. തനിക്കുള്ള വര-ങ്ങളെ വാണിഭമാക്കുവാൻ ആശിച്ചു കൊണ്ടു പൊന്നിന്റെ പിന്നാലെ പോയതായി പത്രോസ് അവനെപ്പ-റ്റി പറയുന്നു.

ഈ ഇരുവിധ ജീവിതക്കാർ ബില-യാമിന്റെ വഴിയിൽകൂടി പോകുന്ന-തായിട്ടാണ് പത്രോസ് തന്റെ ലേഖ-നത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. പ-യനിയമത്തിലെ യൂദാവാണു ബില-യാം. യൂദാ കർത്താവിനെ വിററു. ബില-യാം മനസ്സാക്ഷിയെ വിററു. തന്റെ കാലത്തുണ്ടായിരുന്ന ക്രിസ്ത്യാനിക-ൾ വീണിരുന്ന വഞ്ചനക്കുഴിയേക്കുറി-ച്ചു, അതായതു പണം, ജനസ്വാധീന-ത എന്നിവയിലുള്ള അമിതപ്രതിപ-ത്തിയെക്കുറിച്ചു യൂദാ പറയുന്നു. വെളി-പ്പാടുകാരനും നേരെയോ തുറന്നോ ചെ-യ്യാൻ കഴിയാത്ത കാര്യത്തെ ഒളിച്ചു കൗശലമായും സാധിക്കുന്ന മാർഗ്ഗത്തെ ബിലയാമിന്റെ ഉപദേശമെന്നു ... ഷിക്കുന്നു.

ഇസ്രായേലിനെ ശപിക്കുവാൻ കഴി-കയില്ല, എന്നു കണ്ടപ്പോൾ അവ... വശീകരിച്ചു വഷളാക്കി അവരുടെ ... ൽ ശാപഹേതുകമായ പാപം വരുത്തു...

നതിനു വേണ്ട സൂത്രം മോവാബ്യ രാജാവിനെ ബിലയാം പഠിപ്പിച്ചു.

വിശുദ്ധീകരിക്കപ്പെടാത്ത അറിവു ശാപമാണ്. അനുഗ്രഹമല്ലെന്നുള്ളതിന് ഒരു പ്രാചീന ദൃഷ്ടാന്തം ഇവിടെയുണ്ട്. ബിലയാം അറിവു കുറഞ്ഞവനായിരുന്നെങ്കിൽ അതു് അവനും ഇസ്രയേലിനും വളരെ നന്മയായിരുന്നേനെ. സ്നേഹമില്ലാത്ത അറിവായിരുന്നു അവന്റേതു്. അവൻ ദൈവത്തെ അറിഞ്ഞുവെങ്കിലും ദൈവത്തെ സ്നേഹിച്ചില്ല. അവൻ മനുഷ്യരെ അറിഞ്ഞുവെങ്കിലും മനുഷ്യരെ സ്നേഹിച്ചില്ല.

വലിയ സ്നേഹംകൂടാതെയുള്ള അറിവു് ഒരു അപകടശകുനമാകുന്നു. സ്നേഹത്താൽ നിയന്ത്രിക്കപ്പെടാത്ത എല്ലാ വിദ്യാഭ്യാസത്തിലും സന്മാർഗ്ഗവിപ്ലവത്തിന്റെ സംഭാവ്യതയുണ്ടു്. ശുദ്ധിയുള്ള ഒരു ഹൃദയമോ ഒരു നല്ല സ്വഭാവമോ ഇല്ലാത്ത കൂർമ്മബുദ്ധി ഒരു അനുഗ്രഹമായിത്തീരുകയില്ല.

## II. ബിലയാമിന്റെ വീഴ്ച.

1. അവൻ ബഹുമാനത്തിൽ ഇച്ഛയുള്ളവനായിരുന്നു. അവൻ യാഗപീഠം പണിയുകയും ഉച്ചത്തിൽ പ്രാർത്ഥന കഴിക്കയും ചെയ്തു. ഇതെല്ലാം മററുള്ളവർ, തന്നെ കാണിക്കുന്നതിനായിരുന്നു. താൻ ഒരു മഹാനാണെന്നു വിചാരിക്കണമെന്നു് ആഗ്രഹിച്ചതുതന്നെ അല്പന്മാർക്കുള്ള നികൃഷ്ട സ്വഭാവമാകുന്നു. ബഹുമാനത്തിൽ ഇച്ഛയുള്ള ബിലയാമിനെ, താൻ ഒരു വലിയ അതിശയം പ്രവൃത്തിച്ചശേഷം തന്റെ അനുഗാമികളോടു് ഇക്കാര്യം ആരോടും പറയരുതെന്നു കല്പിച്ച ക്രിസ്തുവിനോടു്, ഒന്നു താരതമ്യപ്പെടുത്തുന്നതു നന്നായിരിക്കും.

"നിന്നെ ബഹുമാനിപ്പാൻ എനിക്കു കഴികയില്ലയോ?" എന്നു ബാലാക്ക് പറയുമ്പോഴും ബിലയാമിന്റെ സ്വഭാവത്തിന്റെ മർമ്മഭാഗത്തു ബാലാക്ക് തൊടുകയാണു ചെയ്തിട്ടുള്ളതു്. ബിലയാം ബഹുമാനം കൊതിച്ചു. അവൻ ദൈവബഹുമാനത്തെക്കാൾ സ്വബഹുമാനത്തെ അന്വേഷിച്ചു. അവന്റെ വീഴ്ചയുടെ ആദ്യപടി ഇതാകുന്നു.

2. അവൻ സ്വാർത്ഥനിരതനായിരുന്നു. അവൻ അനീതിയുടെ കൂലി കൊതിച്ചു. അവൻ ഇരുമുഖമുള്ളവനായിരുന്നു. ഒരുമുഖം കൊണ്ടു് അവൻ ദൈവത്തെയും മററതുകൊണ്ടു് അവൻ പൊന്നിനെയും നോക്കി. പണസ്നേഹം അവനെ അടിമപ്പെടുത്തി. നാണയത്തിന്റെ തിളക്കം അവന്റെ കണ്ണുകളെ കുരുടാക്കിത്തീർത്തു. അതിന്റെ കിലുക്കം അവനെ ബധിരനാക്കി. എന്നാൽ അവനെ മുറുകെ കെട്ടിയിരുന്ന ചങ്ങലയുടെ കണ്ണിയെ അവൻ കാണുകയോ, അതിന്റെ കിലുക്കം അവൻ കേൾക്കുകയോ ചെയ്തില്ല. അവൻ തന്റെ വരങ്ങളെ സ്വാഭിവൃദ്ധിക്കും സ്വമഹത്വത്തിനുമുള്ള കച്ചവടസാധനങ്ങളായി ഗണിച്ചു.

ഏതെല്ലാം വിധത്തിൽ എത്രത്തോളം പണം സമ്പാദിക്കാൻ കഴിയുമോ അത്രയും പണം സമ്പാദിക്കുന്നതാണു മാർഗ്ഗം എന്നു വിചാരിക്കുന്ന ഇപ്പോഴത്തെ വലിയകൂട്ടത്തിന്റെ ആദ്യമ[illegible]ൻ ബിലയാം. അവൻ അമേരിക്കയിലുള്ളവരുടെ ആരാധ്യനായ ഒരു വീരപുരുഷനായിരിക്കണം. [അവരുടെ സ[illegible]ഭ്യ ലക്ഷ്യോന്മുഖങ്ങളല്ലോ.] കഴിയുന്നിടത്തോളം പണമുണ്ടാക്കുവാൻ അവർ ശ്രമിക്കുന്നു. അവർ പരിഷ്കാരത്തിനുവേണ്ടി ശ്രമിക്കുന്നതു പരിഷ്കാരത്തിനായിട്ടോ തങ്ങളുടെ സമസൃഷ്ടങ്ങളുടെ ഉപകാരത്തിനായിട്ടോ അ

ല്ലാ, പിന്നെയോ ധനാഭിവൃദ്ധിക്കായി
ട്ടുമാത്രമാകുന്നു.

സ്വന്തത്തിനു വേണ്ടി ഇസ്രായേലി
നെ വശീകരിച്ച ബിലയാം ഇന്നു ജീ
വിച്ചിരുന്നെങ്കിൽ പണത്തിന്റെ ഗു
ണഗണങ്ങളേയും മാർഗ്ഗങ്ങളേയും വ
ർണ്ണിച്ചു പത്രങ്ങളിൽ ധാരാളം എഴുതുമാ
യിരുന്നു. അപ്പോൾ മഞ്ഞനിറമുള്ള
ദൈവത്തിന്റെ ആരാധകന്മാരെല്ലാം
അവനേക്കുറിച്ച് അത്ഭുതപ്പെടുകയും
അവന്റെ കൗശലത്തിന്റെ മഹിമ
യോർത്തു ഹസ്തതാഡനം ചെയ്കയും
ചെയ്യുമായിരുന്നു.

ഓരോ വ്യക്തികളുടേയും ജനസമൂ
ഹങ്ങളുടേയും അധഃപതനത്തിൽ നേ
തൃത്വം വഹിച്ചിട്ടുള്ളതു ബിലയാമ്യപ്ര
സ്ഥാനമല്ലാതെ മറെറാന്നുമല്ല. ദൈവ
ത്തിന്റെ സ്ഥാനത്തു സ്വന്തം വെ
ച്ചാരാധിക്കുന്ന മനുഷ്യരും രാജ്യങ്ങളും
അധഃപതിച്ചു വേഗത്തിൽ നശി
ച്ചുപോകുന്നു. "ക്രൈസ്തവവത്സരം"
[Christian year] എന്ന കവിതയിൽ
കെബിൾ എന്ന ഇംഗ്ലീഷ് കവി ഇ
തിനേപ്പററി സരസമായി വർണ്ണിച്ചിട്ടു
ണ്ട്.

3. അവൻ മനസ്സാക്ഷിയെ നിസ്സാ
രമായി വിചാരിച്ചു. ഇസ്രായേലിനെ ശ
പിക്കാൻ അവൻ ക്ഷണിക്കപ്പെട്ടപ്പോ
ൾ തെളിവായ അവന്റെ ആദ്യബോ
ധം ബാലാക്കിന്റെ ആളുകളോടാക
ട്ടെ, അയാളുടെ ചീത്ത അപേക്ഷയോ
ടാകട്ടെ അനുകൂലിക്കരുതെന്നായിരുന്നു.
ക്രിസ്തുവിനെ വിസ്തരിച്ചു കൊണ്ടു പീ
ലാത്തോസു സിംഹാസനത്തിലിരിക്കു
മ്പോൾ "ആ നീതിമാന്റെ കാര്യത്തി
ൽ നീ ഇടപെടരു"തെന്ന് അവന്റെ
ഭാര്യ ആളയച്ചു പറയിച്ചുവല്ലോ. അതു
പോലെ ബിലയാമിന്റെ മനസ്സാക്ഷി
അവനോട്, ഇവർ അനുഗ്രഹീതരായ
തുകൊണ്ട് ഇവരെ ശപിപ്പാൻ നി ഉ
നിയതു് എന്നു പറഞ്ഞിരുന്നു. എ
ന്നാൽ പീലാത്തോസാകട്ടെ, ബിലയാ
മാകട്ടെ ഉള്ളിൽ നിന്നുള്ള സ്നേഹശബ്ദ
ത്തിനു ചെവികൊടുത്തില്ല. ഹാ! അ
ങ്ങനെ ചെയ്തിരുന്നെങ്കിൽ എത്ര ന
ന്നായിരുന്നു!!

ബിലയാമിന്റെ മനസ്സാക്ഷിയുടെ
ആദ്യതീരുമാനം അവന്റെ കർത്തവ്യ
ത്തെ സ്പഷ്ടീകരിച്ചു. അവൻ ബാലാക്കി
ന്റെ ആളുകളോടുകൂടി പോകേണ്ടത
ല്ലായിരുന്നു. ആദ്യം അവൻ പോയില്ല.
എന്നാൽ അതിനേക്കുറിച്ചു ചിന്തിച്ച
പ്പോൾ പോകുന്നതിനു അധികാധികം
ആഗ്രഹം ജനിച്ചു. മാന്യതയുള്ള കൂടു
തൽ ദൂതന്മാരെ രാജാവു വീണ്ടും അയ
ച്ചപ്പോൾ ബിലയാം ദൈവത്തോടു ത
ന്നെ മോവാബിലേക്കു വിടുവാൻ താ
ല്പര്യമായി പ്രാർത്ഥിച്ചുതുടങ്ങി. അവൻ
തന്റെ മനഃസാക്ഷിയെ കെടുത്തുവാ
നാണ് ഇപ്പോൾ തുടങ്ങുന്നതു്. ആദ്യ
അവനു കിട്ടിയ തെളിവും വിളംബവി
ഹീനവുമായ കല്പനയെ പ്രതിരോ
ധിപ്പാൻ അവൻ മാത്രം അനുപ്രഷി
ച്ചു. മനസ്സാക്ഷിയെ പരീക്ഷിക്കുക എ
ന്നു പറയുന്നതു് അതിനെ മന്ദീകരിക്കു
യും നശിപ്പിക്കുകയുമാണ്.

പ്രഥമവിചാരമാണ് എത്രയും നല്ലതു്

നമ്മുടെ കർത്തവ്യകർമ്മത്തെപ്പററിയു
ള്ള ആദ്യധാരണകൾ എത്രയും ശുദ്ധ
മായിരിപ്പാനെ ഇടയുള്ളൂ. എഫ്. ഡ
ബ്ളിയു. റോബർട്ട്സൺ ബിലയാമി
നെപ്പററിയുള്ള തന്റെ പ്രസംഗത്തി
ൽ ഇപ്രകാരം പറയുന്നു: —

"പ്രഥമവിചാരങ്ങളാണ് ഏററവും
നല്ലതു്. അവ അധികം പുതിയവയു
അധികം ശുദ്ധവുമാണ്. അവയിലത്രേ
ദൈവം അധികമായി സ്ഥിതിചെ

നതു്. നമ്മുടെ പററിപ്പിടുത്തങ്ങളുടെയും, ചായ്‌വുകളുടെയും എതിർവാദം ഉണ്ടാവുകുന്നതിനു മുമ്പായി സ്വയാത്മത്തിന്റെ നേരെയുള്ള നമ്മുടെ പ്രഥമ വീക്ഷണംപോലെ വേറൊന്നും സ്വീകാര്യമായിരിക്കയില്ല. കർത്തവ്യകർമ്മം ആദിയിൽ അനിശ്ചിതമല്ല. മനഃകലക്കങ്ങളിലും, ദുസ്തർക്കങ്ങളിലും മാത്രമാണു സ്വധർമ്മം അസ്പഷ്ടമായി തോന്നുന്നതു്. ഒരു കർത്തവ്യത്തെ സംബന്ധിച്ച് കൂടക്കൂടെ ചിന്തിച്ചുകൊണ്ടിരിക്കുന്നതു് അതിനെ മറവാക്കുകയാണ്. അമിതചിന്തനം പലപ്പോഴും പരമാർത്ഥമില്ലായ്മയത്രെ. ദൈവനടത്തിപ്പു നാം പരമാർത്ഥികളായിരിക്കുമ്പോൾ പ്രസ്പഷ്ടംതന്നെ.

ആദിയിൽ ബിലയാം താല്പര്യമുള്ളവനും പരമാർത്ഥിയുമായ ഒരു മനുഷ്യനായിരുന്നു. എന്നാൽ അവൻ പരമാർത്ഥമില്ലാത്തവനായിത്തീരുംവരെ സത്യവുമായി ഇടപെട്ട് അതിനെ നിസ്സാരമാക്കി ഒരേ സമയത്തു തീരെ വിപരീതമായ രണ്ടു കാര്യങ്ങൾക്കുവേണ്ടി അവൻ ഉദ്യമിച്ചു. ഇസ്രായേലിനെ ശപിച്ചു ബാലാക്കിന്റെ ബഹുമതി സമ്പാദിക്കുന്നതിനും, ഇസ്രായേലിനെ അനുഗ്രഹിച്ചു ദൈവത്തിന്റെ പ്രസാദം നേടുന്നതിനും അവൻ ശ്രമിച്ചു. ജനത്തെ കബളിപ്പിക്കുന്നതിനും ദൈവത്തെയും തന്റെ മനസ്സാക്ഷിയെയും കഴിയുമെങ്കിൽ ഫേമിച്ചുമറ്റുന്നതിനായി അവൻ ഭക്തിപൂർവ്വം തുടരെ യാഗപീഠങ്ങൾ നിർമ്മിക്കുന്നതു നോക്കുക.

4. അവൻ മനഃപൂർവ്വമായി ദൈവത്തോട് അനുസരണക്കേടു കാണിച്ചു. ബാലാക്കിന്റെ അടുക്കലേക്കു പോകുവാൻ ദൈവം അവനോടു ആവശ്യപ്പെട്ടില്ല. എന്നാൽ അത്ഭുതം തോന്നുമാറ് അവൻ പൊയ്ക്കൊള്ളുന്നതിന് ഒടുവിൽ കല്പിക്കയുണ്ടായി. ദൈവം തന്റെ മനസ്സിനെ മാററിയതു കൊണ്ടല്ല, പിന്നെയോ ബിലയാം നിർബ്ബന്ധിച്ചതു കൊണ്ടത്രേ ഈ വിധം അനുവദിച്ചതു്. എന്നാൽ എല്ലാററിലുമധികം വിസ്മയകരമായിട്ടുള്ളതു് പോകുവാൻ അവനെ അനുവദിച്ചശേഷം വഴിയിൽ ദൈവം അവനെ തടുത്തുവെന്നുള്ളതാണ്. ബിലയാമിന്റെ ഈ ചരിത്രത്തിൽ രണ്ടു വിപരീതപ്രസ്താവനകൾ കലർന്നിട്ടുണ്ടെന്നു ചില വേദപാരായണികന്മാർ വിചാരിക്കുന്നു. ഈ വൃത്താന്തം സംബന്ധിച്ചു വിഭിന്നമായ രണ്ടു പ്രതിപാദനങ്ങൾ ഉണ്ടെന്നാണ് അവരുടെ മതം. എന്നാൽ അങ്ങിനെ വിചാരിക്കത്തക്കവണ്ണം ജീവിതത്തിൽ സംഭവിക്കാത്തതായി ഒന്നും ഇതിലില്ല. ആഴമുള്ള മതസത്യങ്ങളെ ഈ വിധത്തിൽ പറകയെന്നുള്ളതു് പുരാതനന്മാരുടെ പതിവാണ്.

യാതൊരു പരസ്പര വൈപരീത്യവും ഈ ഭാഗത്തില്ലെന്ന് അനുഭവം നമ്മോടു പറയുന്നു. വൃത്താന്തം മിശ്രിതമെങ്കിൽ മനുഷ്യസ്വഭാവവും മിശ്രിതം തന്നെ. ദൈവം ഒരു സംഗതി ചെയ്യരുതെന്ന് അവനോടു പറയുന്നു. അനന്തരം അതു ചെയ്യാനും കല്പിക്കു
ന്നു. ഇതു മനസ്സാക്ഷിയുടെ പോരാട്ടമ
ല്ലാതെ എന്തായിരുന്നു? കൈക്കൂലി
ആഗ്രഹിച്ചതും, അതിനാൽ കുഴങ്ങിയ
തുമായ മനസ്സാക്ഷി, കള്ളപ്രവാചകന
ആവശ്യപ്പെട്ടതും, ദൈവശബ്ദമായ
ന്യായത്തിനെതിരായി കീഴ്പെട്ടവ
ൻ ഫേമിച്ചതുമായ രണ്ടാം തിരുമാന
ത്തിനു വഴങ്ങുകമാത്രമായിരുന്നു. ഉല്പ
നിനക്കു പോകണമെന്നു നിർബ്ബന്ധമ
ണ്ടെങ്കിൽ പോകാം, ഞാൻ നിന്റെ വ

ിയിൽ, നിനക്കെതിരായി നിൽക്കും ന്നു ദൈവം പറയത്തക്കവണ്ണം അ പകടകരമായ നിലയിൽ എത്തുന്നതി ം ബിലയാം അത്യധികം അവശ്യ പ്പെടുകയുണ്ടായി.

ഇതു പലപ്പോഴുമുള്ള നമ്മുടെ അനു വമല്ലയോ? ആദ്യം നമുക്കു തെ റെന്നു തോന്നിയ സംഗതി ചെയ്വാ ൻ നമ്മുടെ മനഃസാക്ഷിയെ പലപ്പോ ം നാം നിർബന്ധിച്ചു സമ്മതിപ്പിക്ക ും അങ്ങിനെ നാം അതു ചെയ്യുമ്പോ ഴം മംഗളവിഹീനമായി പരിണമിക്ക ും ചെയ്യു. എത്ര അനുഭവമാണ് നമു ള്ളതു്. നമ്മുടെ ആത്മസമാധാന ത്തെ നാം നഷ്ടപ്പെടുത്തിയും വെച്ചാ ണ് ഈ വിധം ചെയ്തിട്ടുള്ളതു്. ദൈവ ത്തിന്റെ ദൂതൻ നമുക്കെതിരായി വരു മ്പോഴും അറിഞ്ഞുകൊണ്ടു ദൈവേഷ്ട ത്തിനു വിപരീതമായി ചെയ്തു പ്രവാച കനെപ്പോലെ കുറ്റം നമ്മുടെ ഭാഗ ത്തു തന്നെയാണെങ്കിലും വല്ലതിനെ യോ വല്ലവരെയോ വെറുതെ കുറ്റം പറഞ്ഞുകളയുന്ന പതിവു നമുക്ക ണ്ടു്.

ബിലയാമിന്റെ ദൈവമാണ് നമ്മുടെ ദൈവം. അവന്റെ അനുഭവം പലപ്പോഴും നമ്മുടെയും അനുഭവം തന്നെ. തനിക്കു അനിഷ്ടമെങ്കിലും പോകുവാൻ ദൈവം അവനെ അനുവദിച്ചു. ചിലപ്പോഴും ഈ തരത്തിലുള്ള അനുവാദം നമുക്കും ലഭിക്കുന്നു. അവൻ നമ്മെ സ്വാതന്ത്ര്യചിത്തത്തോടുകൂടി നിർമ്മിച്ചു. നമ്മെക്കുറിച്ചുള്ള അവന്റെ നല്ല ഇഷ്ടത്തിനു വിപരീതമായി ഗമിപ്പാൻ നമുക്കു കഴിയും. സൂക്ഷ്മത്തിൽ ഉള്ള ബിലയാമിന്റെ വഴിയാകുന്നു. ഇതിലൂടെ യാത്രചെയ്യുന്നവൻ ശ്രദ്ധപ്പെടാതെ ദോഷപ്പെട്ടും. കാരണം, നാശത്തിലേക്കു നമ്മെ കൊണ്ടുപോകുന്ന വിസ്താരമുള്ള വഴി ഇതാകുന്നു.

## മറുപടി കിട്ടാത്ത പ്രാർത്ഥന.

"ഞാൻ നീതിമാന്റെ മരണം മരിക്കട്ടെ" എന്നുള്ള ബിലയാമിന്റെ പ്രാർത്ഥന മനോഹരമായതുതന്നെ. എങ്കിലും അതിന്നു ഒരിക്കലും പ്രത്യുത്തരമുണ്ടായില്ല. കാരണം, ബിലയാമിന്റെ ജീവിതം അവന്റെ പ്രാർത്ഥനയെ നിഷ്ഫലീകരിച്ചു. അന്യോന്യം ഭേദപ്പെട്ട രണ്ടു കാര്യങ്ങളെ മിത്രീകരിക്കുന്നതിന്, അതായതു നന്മതിന്മകളുടെ നിശ്ശേഷ പരസ്പരവിപരീതപ്രമാണങ്ങളെ ഏകീകരിക്കുന്നതിനുള്ള ഒരു ഭയങ്കരയത്നമായിരുന്നു അവന്റെ ജീവിതം. സ്വർഗ്ഗവും നരകവും ദൈവവും മാമോനും തമ്മിലുള്ള നിത്യഭേദത്തെ മായിച്ചുകളയുന്നതിനു ബിലയാം ശ്രമിച്ചു തന്നിൽതന്നെ ഛിദ്രിച്ചു ഭിന്നനായിരുന്നു അവൻ. അതിനാൽ അവശ്യംഭാവിയായ വീഴ്ചയിൽനിന്നു അവനു തെററിയൊഴിവാൻ കഴിഞ്ഞില്ല.

തന്റെ ഉപകാരത്തിനുവേണ്ടി നന്മ, തിന്മയായി തീരണമെന്നു ബിലയാം പ്രാർത്ഥിച്ചു. തന്റെ അഭിലാഷപൂരണത്തിനായി ദൈവംതന്നെ ഒന്നു ഭേദപ്പെടുവാൻ അവൻ ആഗ്രഹിച്ചു. അവൻ ദോഷത്തെയാണ് അഭ്യർത്ഥിച്ചതു്. അതിന്റെ വിരൂപനാമമോ ഫലമോ അവൻ ആവശ്യപ്പെട്ടില്ല. ദൈവഭാഗത്തു നില്ക്കായ്കയാൽ ദൈവം അവന്റെ പ്രാർത്ഥനയ്ക്കു മറുപടി കൊടുത്തില്ല. ദൈവം മറുപടി കൊടുക്കുന്നതെങ്ങിനെ? "എന്റെ ഹൃദയത്തിൽ ഞാൻ അകൃത്യം പ്രമാണിക്കുന്നു എങ്കിൽ യഹോവ എന്നെ ചെവിക്കൊള്ളുകയില്ല" എന്നാണല്ലോ സങ്കീർത്തനക്കാരൻ പറയുന്നതു്. ബിലയാം

ചാഗ്യോടിയുള്ള പ്രാർത്ഥനയത്രെ കഴിച്ചതു്. ആ സമയം മുഴുവനും അവന്റെ ഹൃദയത്തിൽ അകൃത്യത്തിന്റെ കൂലിയെക്കുറിച്ചുള്ള ആശ കിടന്നിരുന്നതിനാൽ സ്വർഗ്ഗം അവനുമീതെ തടയപ്പെട്ടതായി ഭവിച്ചു.

അവന്റെ വാക്കുകൾ മേലോട്ടു പറന്നുവെങ്കിലും മനസ്സു താഴെയാണു കിടന്നിരുന്നതു്, മനോരഹിതമായ വാക്കുകൾ ഒരിക്കലും സ്വർഗ്ഗത്തിലേക്കു പോകുന്നില്ല എന്നിങ്ങനെ ദുഷ്ടനായ ക്ലാഡി നൊക്കൊറിച്ചു ഷേക്സ്പീയർ തന്റെ ഹാംലറ്റ്, എന്ന നാടകത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ബിലയാമിനെക്കുറിച്ചുംപറയാം.

ബിലയാമിനെപ്പോലെ നമുക്കും എന്നും എന്നേക്കും പ്രാർത്ഥിക്കാം. എന്നാൽ നമ്മുടെ ജീവിതം നമ്മുടെ പ്രാർത്ഥനയ്ക്കനുസരണമായി കൊണ്ടുപോകുന്നില്ലെങ്കിൽ ഒരിക്കലും മറുപടികിട്ടുകയില്ല. പ്രവാചകന്റെ സന്മാർഗ്ഗജീവിതത്തിലുള്ള ഒരുടന്റെ നഷ്ടം അവന്റെ മനസ്സാക്ഷിയെ ഒരു ഔൺസു തൂക്കമുള്ളതാക്കിക്കളഞ്ഞു.

"അത്യാഗ്രഹത്തിന്റെയും ദ്രവ്യേച്ഛയുടെയും പ്രവാഹത്തിൽ കൂടി താൻ ഒഴുകിപ്പോകുന്നതായി ബിലയാം കണ്ടു. അവൻ ദൈവത്തോടു പ്രാർത്ഥിച്ചുവെങ്കിലും ആപൽക്കരമായ ആ ഒഴുക്കിൽ നിന്നു തന്നെ വിടുവിക്കുന്നതിനായിട്ടല്ല, പിന്നെയോ ദൈവം ഒഴുക്കു തിരിച്ചുവിടുന്നതിനത്രേ അപേക്ഷിച്ചതു്." എന്നു ഡാക്ടർ ഹെൻറിഫോർവർഡ് ഒരിക്കൽ പറയുന്നതു ഞാൻ കേൾക്കയുണ്ടായി. തനിക്കുവേണ്ടി സന്മാർഗ്ഗസംബന്ധമായ ഒരു നിയമം ഭേദപ്പെടുത്തുവാൻ ദൈവത്തോടു് ആവശ്യപ്പെടത്തക്കവണ്ണം അത്രയ്ക്കു് അനീതിയുടെ കൂലി അവൻ കൊതിച്ചു. എന്നാൽ ദൈവം അങ്ങിനെ ചെയ്യുകയില്ലെന്നു മാത്രമല്ല ഒരു മനുഷ്യന്റെ തല്ക്കാല സൗകര്യത്തിനുവേണ്ടി തന്റെ നിത്യനിയമങ്ങളെ ഭേദപ്പെടുത്തുവാൻ അവനു കഴികയില്ല. പ്രാർത്ഥനതന്നെയും കാര്യങ്ങളുടെ ക്രമീകരണങ്ങളുടെ ഒരുഭാഗവും കാരണകാര്യങ്ങളുടെ വലിയ ചങ്ങലയിലെ ഒരു കണ്ണിയുമാകുന്നു. നമ്മെ എതിരേല്ക്കേണ്ട ആവശ്യത്തിനുവേണ്ടി ദൈവത്തിനു തന്റെ കാര്യങ്ങളെ ഭേദപ്പെടുത്തുവാൻ കഴികയില്ല. എന്നാൽ ദൈവത്തെ നാം എതിരേല്ക്കുന്നതിനു നമ്മുടെ കാര്യങ്ങൾ ഭേദപ്പെടുത്തുകയും വേണം.

ബിലയാം മനഃപൂർവ്വം കപടഭക്തനായിരുന്നു എന്നു ഞാൻ പറയുന്നതായി നിങ്ങൾ ധരിക്കരുതു്. തനിക്കു കിട്ടിയ വെളിച്ചത്തിന്റെ അളവനുസരിച്ചു് അവൻ പരമാർത്ഥിയായിരുന്നു. എന്നാൽ തന്റെ വെളിച്ചം കെടുപ്പാൻ അവൻ അന്വേഷിച്ചു. സത്യം കാണാതവണ്ണം സ്വയം കുരുടനാകുവാൻ അവൻ ശ്രമിച്ചു. അവൻ തന്റെ മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുവാൻ ഇച്ഛിച്ചില്ല. അതു യാതൊന്നിനേയും വിസംവദിക്കാതിരിപ്പാൻ തക്കവണ്ണം അതിനെ ഹ്രസ്വമാക്കുന്നതിനു് അവൻ ശ്രമിച്ചു. അതിന്റെ കുത്തൽ നിന്നുപോകത്തക്കവിധം അതിനെ മയക്കിയിടുവാൻ ഉദ്യമിച്ചു ശോച്യമായ വിധത്തിൽ അവൻ ഇതു സാധിച്ചു.

ക്രിസ്തീയ ശാബത്തിനെ സ്നേഹിക്കുന്നു എന്നു പറകയും അതേസമയത്തു് ആദായത്തിനുവേണ്ടി കർത്തൃദിവസ

ത്തെ അശുദ്ധീകരിച്ചുകൊണ്ടിരിക്കുന്ന സ്സാക്ഷികമ്പനികളിൽ തങ്ങളുടെ പ ണം നിക്ഷേപിക്കുകയും ചെയ്യുന്ന സ മാംഗങ്ങൾ ഉണ്ട്. അങ്ങിനെത ന്റെ മൂല്യവില്ലായ്മയേയും മററുംപററി ആവലാതി പറയുന്ന ക്രിസ്ത്യാനിക ൾ തങ്ങളുടെ പറമ്പുകൾ, കെട്ടിടങ്ങ ൾ മുതലായവ ഈ ദുഷ്കൃത്യങ്ങൾക്കാ യി വാടകയ്ക്കു കൊടുക്കുന്നു. നികൃഷ്ട കൃത്യത്തിന്നു കൊടുക്കുന്നതായിരുന്നാൽ ത ന്നെയും വാടകകൾ കണിശമായും അവൎക്ക കിട്ടണം. ഇക്കൂട്ടർ അനീതിയുടെ കൂ ലികൊതിച്ച ബിലയാമിന്റെ വഴിക ളിൽ നടക്കുന്നു. വെളിച്ചം തട്ടുവാ ൻ അവർ തങ്ങളുടെ മുൻപിൽ തിരശ്ശീ ല വലിച്ചിട്ടുണ്ട്. കാഴ്ച അധികം ഉണ്ടാ കാതെ ഇരിപ്പാൻ തങ്ങളുടെ സന്മാൎഗ്ഗ ദൃഷ്ടി മങ്ങിയിരിക്കുന്നതാണവൎക്കധികം ഇഷ്ടം. മനസ്സാക്ഷി സംബന്ധിച്ച് അ വൎക്ക് ഒരു ചോദ്യവുമില്ല.

## ബിലയാം ജീവിച്ചതുപോലെ മരിച്ചു.

വളരെ ബഹുമാനവും വളരെ ദ്രവ്യ വും തന്റെ മുൻപിലിരിക്കുന്നതുക ണ്ട് അത്യാഗ്രഹിയായ ദൎശകൻ ത ന്റെ ആത്മാവിലുണ്ടായിരുന്ന വിള ക്കുകളെ ക്രമംകൊണ്ട് ഊതിക്കെടു ത്തിയതിനാൽ അതിന്റെ അനന്തര ഫലങ്ങളെപ്പററി ആശ്ചര്യപ്പെട്ടുവാനി ല്ല. താൻ ആശിച്ചതുപോലെ ബില യാമിനു നീതിമാന്റെ മരണം മരിപ്പാ ൻ കഴിഞ്ഞില്ല. ദുഷ്ടനും നികൃഷ്ടനുമാ യവന്റെ മരണം മരിപ്പാനാണ് അ വന്ന് ഇടയായത്. ഒടുവിൽ താൻ ശ പിക്കുന്നതിനും യാത്രമുടക്കുന്നതിനും ശ്രമിച്ച ഇസ്രായേൽ സൈന്യങ്ങൾ നിൎബ്ബന്ധം പുരോഗമിക്കുകയും തങ്ങളു ടെ മററുദൈവ ശത്രുക്കളോടൊപ്പം അ വനെയും കൊല്ലുകയും ചെയ്തു. "ബെ യോറിന്റെ മകനായ ബിലെയാമി നെയും അവർ വാൾകൊണ്ട് കൊന്നു." "പാപത്തിന്റെ ശമ്പളം മരണമത്രേ"

ഓരോ മനുഷ്യനും താൻ ജീവിച്ച തെങ്ങിനെയോ അങ്ങിനെതന്നെ മ രിക്കുന്നു. ഇതിനാൽ ഓരോരുത്തന്റെ യും പാപങ്ങൾ ബിലയാമിന്റെ മ രണത്തിൽ എന്നപോലെ പ്രസ്പഷ്ടമാ യിരിക്കുമെന്നോ അത്ര പരസ്യമായു അത്ര ഭയങ്കരമായും പാപഫലം മരണ സമയത്തു പ്രത്യക്ഷീഭവിക്കുമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. വാസ്തവത്തി ൽ, തീരെ നികൃഷ്ടനായ മനുഷ്യൻ സ മാധാനത്തിലും മനുഷ്യദൃഷ്ടിക്കു മാന്യ മായ നിലയിലും ചരമംപ്രാപിച്ചെന്നു വരാം. എങ്ങിനെയായിരുന്നാലും ജീ വിച്ചവിധം തന്നെ മനുഷ്യൻ മരിക്കു ന്നു. മരണഘട്ടത്തിലും ദൈവനി ശരിയായ സ്വഭാവം മറഞ്ഞിരുന്ന ക്കാം. എന്നാൽ അത്ര ദീർഘകാലം റഞ്ഞിരിക്കുകയില്ല.

# പൌലിന്റെ ജീവചരിത്രം സംബന്ധിച്ച
## ഒരു കാലക്കണക്ക്

ജനനം ... ... ... ... B. C. 1

മാനസാന്തരം ... ... ... A. D. 32
(പ്രവൃ: 9. 1-9)

യരുശലേമിലേക്കുള്ള ഒന്നാംയാത്ര ... ... ,, 34
(പ്രവൃ: 9. 26; ഗലാ: 1.18)

യരുശലേമിലേക്കുള്ള രണ്ടാംയാത്ര ... ... ,, 44
(പ്രവൃ: 11. 30)

ഒന്നാമത്തെ മിഷ്യനറിയാത്ര ... ... ,, 46.47
(പ്രവൃ: 13. 4)

അന്ത്യോക്യയിലേക്കുള്ള തിരിച്ചുവരവ് ... ,, 48
(പ്രവൃ: 14. 26—28)

യരുശലേമിലേക്കുള്ള മൂന്നാംയാത്ര ... ... ,, 49
(പ്രവൃ: 15: 1—29; ഗലാ: 2: 1)

രണ്ടാംമിഷ്യനറിയാത്ര... ... ... ,, 49
(പ്രവൃ: 15: 40)

കൊരിന്തിൽ... ... ... 51 സെപ്റ്റംബർ—53 ഫെബ്രുവരി
(പ്രവൃ: 18. 12; തെസ്സലോന്യർ; (ഗലാത്യർ (?))

യരുശലേമിലേക്കുള്ള നാലാംയാത്ര ... ,, 53 പെസഹാകാലത്തു
[പ്രവൃ: 18. 22]

അന്ത്യോക്യയിലേക്കുള്ള തിരിച്ചുവരവ് ... 53 ഏപ്രിൽ

മൂന്നാംമിഷ്യനറിയാത്ര ... ... ... 53 വേനൽക്കാലത്തിൽ
[പ്രവൃ: 18: 23]

എഫേസൂസ്സിൽ ... ... ... 53 ഡിസംബർ—56 മാർച്ച്
[പ്രവൃ: 19. 1—10] കൊരിന്ത്യലേഖനം [ഗലാത്യലേഖനം [?]]

മക്കെദോന്യ... ... ... 56 വേനൽക്കാലം; ശരൽക്കാലം
[പ്രവൃ: 20: 1, 2; 2 കൊരിന്ത്യലേഖനം]

കൊരിന്തിൽ... ... ... ... 56 വർഷകാലം 57
[പ്രവൃ: 20. 3; റോമാലേഖനം]

യരുശലേമിൽ [പ്രവൃ: 21 17] ... ... പെന്തിക്കോസ്തിൽ 57

കൈസര്യയായിലെ തടവിൽ ... ... 57 ജൂൺ—59 ജൂൺ
[പ്രവൃ: 23. 33; 24 27]

റോമയിലേക്കുള്ള യാത്ര [പ്രവൃ: 27,1-28 ... 59 ആഗസ്റ്റ് 60 — ഫെബ്രുവരി

റോമയിലെ കാരാഗൃഹത്തിൽ 60 ഫെബ്രുവരി — 62ഫെബ്രുവരി
(പ്രവൃ: 28: 30) എഫേസ്യർ; ഫിലിപ്പ്യർ; കൊലോസ്യർ; ഫിലേമോൻ

അനന്തരയാത്രകൾ... ... ... ... 62—66
[2 തിമോ: 4: 20; തീത്തു. 1: 5] 1 തിമോഥെയുസ്, തീത്തുസ്

നിക്കപ്പോലീസിൽ തടവുകാരനായി പിടിക്കപ്പെട്ടത് 66 വർഷകാലംമുതൽ 67
[തീത്തു: 3. 12]

റോമയിലെ മരണം [2 തിമോഥെയുസ്] ... ... 67

*Hogg & Vine.*

# വി: കുപ്രിയാനോസ്

ക്രി. അ. 200—258.

[illegible]

---

ഏകദേശം ഒറിജന്റെ കാലത്തുതന്നെ ആയിരുന്നു കാർത്തേജിലെ ബിഷപ്പായ വി: കുപ്രിയാനോസും ജീവിച്ചിരുന്നതു്. ക്രിസ്താബ്ദം 200-ൽ അവൻ ജനിച്ചു. തത്വശാസ്ത്രത്തിൽ വലിയ പണ്ഡിതനായിരുന്നു. ഇദ്ദേഹം 45-ാം വയസ്സിൽ മനസ്സുതിരിഞ്ഞു. ഉടൻ താൻ ഏൎപ്പെട്ടിരുന്ന അദ്ധ്യാപകവൃത്തി വിട്ടുകളഞ്ഞു. ആദ്യക്രിസ്ത്യാനികളെപ്പോലെ പട്ടണത്തിനടുത്തുണ്ടായിരുന്ന തന്റെ വീടും, പറമ്പും തനിക്കുള്ളതൊക്കയും വിററു ദരിദ്രന്മാൎക്കു കൊടുത്തു. പിന്നീട്ടു അവൻ കാർത്തേജിലെ സഭയുടെ ആദ്ധ്യക്ഷം കയ്യേൽക്കുകയും അവിടത്തെ ബിഷപ്പു മരിച്ചപ്പോൾ അതായതു, താൻ മനസ്സുതിരിഞ്ഞു മൂന്നുവൎഷം കഴിഞ്ഞപ്പോൾ ബിഷപ്പായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

കുപ്രിയാനോസ് ഒരു ഉത്തമ ബിഷപ്പിന്റെ നിലയിൽ തന്റെ കൃത്യങ്ങളെ മുഴുശക്തിയോടുംകൂടി ചെയ്തു. ഉപദ്രവം നീങ്ങിയതുകൊണ്ടു് ദീർഘമായി സഭയ്ക്കു ലഭിച്ച സുഖനിദ്രയാൽ വന്നുകൂടിയ തിന്മകളെ സഭയിൽനിന്നു നീക്കിക്കളവാൻ അവൻ ഉദ്യമിച്ചു. എന്നാൽ ബിഷപ്പായി രണ്ടുവൎഷം കഴിയുന്നതിനു മുമ്പു ഡേഷ്യസ് ചക്രവൎത്തിയുടെ കീഴിൽ പീഡയാരംഭിച്ചു. ഒറിജന്റെ കഥയിൽ പറഞ്ഞുകഴിഞ്ഞതുപോലെ ബിഷപ്പന്മാരെയും പട്ടക്കാരെയും അടിമപ്പെടുത്തേണമെന്നായിരുന്നു പീഡകന്മാരുടെ ഉദ്ദേശം. തന്റെ ജനങ്ങൾക്കു ഉപകാരപ്പെടുമെങ്കിൽ മരിക്കുന്നതിനുകൂടിയും കുപ്രിയാനോസ് തയ്യാറായിരുന്നു. എങ്കിലും "ഒരു നഗരത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറെറാന്നിലേക്കു നിങ്ങൾ ഓടിപ്പോകുവിൻ." [മത്താ: ൧൦. ൨൩] എന്നു കൎത്താവു പറഞ്ഞ വചനം ഓൎത്തു കുപ്രിയാനോസ് തല്ക്കാലം പീഡകന്മാരിൽനിന്നു ഒഴിഞ്ഞുകൊള്ളുന്നതാണു് നല്ലതെന്നു വിചാരിച്ചു് ഒളിച്ചുപാൎത്തു. എന്നുവരികിലും സഭയെക്കുറിച്ചു ഇടവിടാതെ അന്വേഷണം ചെയ്തുകൊണ്ടിരിക്കയും ഒളിപ്പിടത്തുനിന്നു് പട്ടക്കാർക്കു് എഴുത്തുകൾ എഴുതുകയും ചെയ്തു.

എന്നാൽ ഇതിനിടയ്ക്കു കാർത്തേജിലെ സംഗതികൾ വളരെ കുഴപ്പത്തിലായി. അടുത്തു കഴിഞ്ഞ സമാധാനകാലങ്ങളിൽ തങ്ങളെ ക്രിസ്ത്യാനികളെന്നു അഭിമാനിച്ചിരുന്ന വളരെ ആളുകൾ ജാതികളുടെ ദേവന്മാൎക്കു ബലി കഴിപ്പാൻ ഓടിക്കൂടുന്നതായി കാണപ്പെട്ടു. ചിലർ ബലി കഴിക്കാതെ ഉദ്യോഗസ്ഥന്മാൎക്കു കൈക്കൂലി കൊടുത്തു വിഗ്രഹങ്ങൾക്കു ബലി കഴിച്ചിരിക്കുന്നതായി രേഖ വാങ്ങി സൂക്ഷിച്ചു. ചില ഭ്രഷ്ടാക്കപ്പെട്ട പട്ടക്കാർ പീഡയിൽ പിശകിയ മേൽപ്പടി ജനങ്ങൾ തങ്ങളെ വീണ്ടും സഭയിലേക്കു ചേൎത്തുകൊൾവാൻ ആവശ്യപ്പെടുന്നതിനും ഉടൻ തങ്ങളെ ചേൎത്തുകൊള്ളണമെന്നു രക്തസാക്ഷികളിൽ ഏതാനും പേർ എഴുത്തുകൾ തന്നിരിക്കുന്നതായി പ്രസ്താവിക്കുന്നതിനും പ്രേരിപ്പിച്ചു.

ആ കാലങ്ങളിൽ ഏതെങ്കിലും ഒരു ക്രിസ്ത്യാനി പാപം നിമിത്തം ക

ം ചുമത്തപ്പെട്ടാൽ സഭ അവനെ
ചർത്യശാസനയിൽ വച്ചു പതിവാ
യിരുന്നു. അംഗ്ലിയാസഭയുടെ പള്ളിക്ര
മത്തിൽ ദയനിർദ്ദേശം എന്ന ഭാഗത്തു
ള്ളതു കാണാവുന്നതാണ്. ഈവിധം
ശാസനയിൽപ്പെട്ടതിയ ആളുകളെ
കർത്താവിൻെറ അത്താഴത്തിൽ സംബ
ന്ധിക്കുവാൻ സമ്മതിക്കുകയില്ല. ഇ
കാലത്തെക്കാൾ അന്നു ക്രമങ്ങൾ ക
ർശനമാം ആചരിക്കുകയും മേല്പറ
ഞ്ഞ തരത്തിലുള്ളവരല്ലാതെ ബാക്കി
യുള്ളവർ അതിൽ പങ്കെടുക്കുകയും ചെ
യ്തുവന്നു. തിരസ്കരിക്കപ്പെട്ടവർ പള്ളി വാതി
ലിൻ പുറത്തുനിന്നുകൊണ്ട് അകത്തേ
ക്കു കടന്നുപോകുന്നവരോട് തങ്ങൾക്കു
പാപപൊറുതി കിട്ടുവാൻ അപേക്ഷി
ക്കണമെന്നു യാചിക്കുക പതിവായിരു
ന്നു. വാസ്തവത്തിൽ അനുതപിച്ചു പ
ള്ളിയിൽ പ്രവേശനം കിട്ടിയവർ ത
ന്നെയും മററുള്ളവരോടുകൂടി ഇരിപ്പാ
ൻ അനുവാദം കൊടുക്കാതെ, അകന്ന
ഒരു സ്ഥലത്തായിരുന്നു അവരെ ഇരു
ത്തിയിരുന്നതു. ചിലപ്പോൾ ഈ ശി
ക്ഷ കുറെ വർഷങ്ങൾക്കു നീണ്ടുനിന്നു.

---

പട്ടക്കാർ ഇവരുടെ അനുതാപത്തെ
ക്കുറിച്ചു സമ്മതം വരുമ്പോൾ മാത്ര
മെ ഇവരെ സ്വീകരിക്ക പതിവായി
രുന്നൊള്ളു. രക്തസാക്ഷികളെ അന്നു
സഭ വളരെ മാനിച്ചിരുന്നതുകൊണ്ട്
ഈ കുററക്കാർ അവരുടെ അടുക്കൽ
ചെന്ന് തങ്ങളുടെ കാലാവധി ഒന്നു കു
റച്ചു കിട്ടുന്നതിന് സഭയെ ശുപാർശ
ചെയ്യണമെന്നു അപേക്ഷിച്ചു വന്നു.
രക്തസാക്ഷികളുടെ അഭിപ്രായാനുസര
ണം സഭ പ്രവർത്തിക്കയും ചെയ്തു. എ
ന്നാൽ വ്യാജമായി ഈ എഴുത്തുകൾ
തയ്യാറാക്കിയവരുടെ നിമിത്തം കുപ്രി
യാനോസു വളരെ വിഷമിച്ചു. ഈ കു
ററക്കാരുടെ നേരെയുള്ള അവൻെറ
പെരുമാററങ്ങൾക്കു കാഠിന്യം കൂടി
പ്പോയെന്നോ കുറഞ്ഞുപോയെന്നോ
പറവാൻ ചിലർ പുറപ്പെട്ടു. ഈ ന്യൂന
ത പറഞ്ഞു സഭ വിട്ടുപോയവരിൽ
നോവേഷ്യനിസ്റ്റ്സ് എന്ന കൂട്ടർ മൂ
ന്നിലധികം നൂററാണ്ടുകൾ നിന്നിരു
ന്നെങ്കിലും തൻെറ കാലത്തു കുപ്രിയാ
നോസിന് അവരുടെ മേൽ ജയംകൊ
ള്ളുന്നതിനാണ് ഇടയായതു.

## ദ്വിതീയഖണ്ഡം.

## എ. ഡി. 253—257.

പീഡ കഴിഞ്ഞ ഉടൻ രാജ്യമൊട്ടു
ക്കു ഒരു പകർച്ച വ്യാധി ഉണ്ടായി. ആ
വ്യാധിയാൽ അസംഖ്യം ജനങ്ങൾ മരി
ച്ചു. ഈ ക്രിസ്ത്യാനികളെ ജീവിച്ചി
രിപ്പാൻ സമ്മതിക്കയാൽ ദേവന്മാർ
തങ്ങളെ ശിക്ഷിക്കയാണെന്നു ജാതിക
ൾ വിചാരിച്ചു. അതുകൊണ്ടു നഗരവാ
സികളെല്ലാം കൊലയും പീഡയും ന
ടത്തികൊണ്ട് ക്രിസ്ത്യാനികൾക്കെ
തിരായി പുറപ്പെട്ടു.

ക്രിസ്ത്യാനികളിൽ വല്ലവരും തി
ന്മയ്ക്കു തിന്മ പകരംചെയ്യാതെ തങ്ങ
ളുടെ പ്രഭുവിൻെറ മാതൃകയനുസരിച്ചു
ശാന്തതയും സ്നേഹവും പ്രദർശിപ്പിച്ചിട്ടു
ണ്ടെങ്കിൽ അതു ഈ കാർത്തേജു ന
വാസികളല്ലാതെ മററാരുമല്ലായിരുന്നു.
മനുഷ്യന്നു സ്വാഭാവികമായ ദാക്ഷി
ണ്യഗുണം നിശ്ശേഷം പരിത്യജിച്ചു [illegible]
ത്തു പിടിച്ചതുപോലെ ഈ വ്യാധി കാ
ലത്തു ജാതികൾ ഭീതരായി കാണപ്പെ
ട്ടു. തങ്ങൾക്കുള്ളവർ രോഗികളെന്നു ക
ണ്ട ഉടൻ അവരെ യാതൊരു കരുണയും
കൂടാതെ ഉപേക്ഷിച്ചുകളഞ്ഞതിനാൽ
മരിച്ചവരുടെ ശവങ്ങൾ സംസ്കരിപ്പാ
ൻ കൂടെ ആരുമില്ലാതെ ഭയങ്കര [illegible]
ത്തിൽ തെരുവീഥികളിൽ കിടക്കയും [illegible]

നിമിത്തം വായുമണ്ഡലംദുഷിച്ചു വ്യാധി പൂൎവ്വാധികം ശക്തിയോടുകൂടി വ്യാപിക്കയും ചെയ്തു. ജാതികൾ അവരുടെ പ്രാണനെ മാത്രം കരുതി ഓടിത്തുടങ്ങി. അപ്പോൾ കപ്രിയാനോസ് കാൎത്തേജു പട്ടണത്തിലുള്ള ക്രിസ്ത്യാനികളെ ഒന്നിച്ചു കൂട്ടി, അവരോടു ക്രിസ്ത്യാനികൾ പെരുമാറേണ്ടതു വേദപ്രമാണപ്രകാരമാണെന്നും നമ്മുടെ സ്നേഹിതന്മാരെ നാം സഹായിക്കുന്നതു ആശ്ചൎയ്യമല്ലെന്നും ജാതികൾ ദമം ചുങ്കക്കാൎക്കും നന്മചെയ്യുന്നതിനും ശത്രുക്കളെ സ്നേഹിക്കുന്നതിനും കൎത്താവു നമ്മോടു കല്പിച്ചിരിക്കുന്നു എന്നും തന്നെ ഉപദ്രവിച്ചവൎക്കുവേണ്ടി അവൻ പ്രാൎത്ഥിച്ചതിനാൽ അവന്റെ ശിഷ്യന്മാരായ നാമും രോഗികളായ ജാതികളുടെ സംഗതിയിൽ അങ്ങിനെ തന്നെ ചെയ്യേണ്ടതാണെന്നും പ്രസംഗിച്ചു. അനന്തരം ഉത്തമനായ ഈ ബിഷപ്പ് പ്രസ്തുത പുണ്യപ്രവൃത്തി ചെയ്വാൻ തന്റെ ജനങ്ങൾക്കു ടൗണിന്റെ ഓരോ ഭാഗം തിരിച്ചുകൊടുത്തു. പണമുള്ളവർ പണം കൊടുക്കയും ശരീരംകൊണ്ടു സഹായിക്കാവുന്നവർ ആ വിധം ചെയ്യുകയും ചെയ്തു. ഇങ്ങനെ ജാതികളെന്നൊ ക്രിസ്ത്യാനികളെന്നൊ ഉള്ള വ്യത്യാസംകൂടാതെ അവർ രോഗികളെ ശുശ്രൂഷിക്കയും മരിച്ചവരെ കുഴിച്ചിടുകയും ചെയ്തതായി ചരിത്രംകൊണ്ടു കാണുന്നു.

ദ്വിതീയഖണ്ഡം.

## എ. ഡി. 257—258.

ഡെഷ്യസ് ചക്രവൎത്തിയുടെ മരണം കഴിഞ്ഞു ഏകദേശം ആറു വഷം തികഞ്ഞപ്പോൾ വലേറിയൻ ചക്രവൎത്തിയുടെ കീഴിൽ ഒരു പുതിയ പീഡ ആരംഭിച്ചു. ക്രിസ്ത്യാനികൾ ആരാധനയ്ക്കായി ഒരുമിച്ചു കൂടരുതെന്നും അ
ദ്ധ്യക്ഷന്മാരെ ആട്ടിൻകൂട്ടത്തിൽനിന്ന
പിരിക്കണമെന്നും അദ്ദേഹം ആജ്ഞാ
പിച്ചു. കപ്രിയാനോസ് ആഫ്രിക്കയി
ലെ ഗവൎണ്ണരുടെ മുൻപിൽ കൊണ്ടു
പോകപ്പെട്ടു. ചോദ്യം ചോദിച്ചു തു
ടങ്ങിയപ്പോൾ അവൻ പറഞ്ഞതാവി
തു്: "ഞാൻ ഒരു ക്രിസ്ത്യാനിയും ക്രി
സ്തീയ ബിഷോപ്പുമത്രേ. സത്യേകദൈ
വത്തെ അല്ലാതെ ഇതരദേവന്മാരെ
ഞാൻ അറിയുന്നില്ല. ആകാശവും ഭൂ
മിയും സമുദ്രവും അവയിലുള്ളതൊ
ക്കെയും സൃഷ്ടിച്ചതു ഈ ദൈവമത്രേ.
ഞങ്ങൾക്കു വേണ്ടിയും സകല മനുഷ്യ
വൎഗ്ഗത്തിനു വേണ്ടിയും ചക്രവൎത്തിക
ൾക്കുവേണ്ടിയും രാപ്പകൽ ഞങ്ങൾ അ
വനോടു പ്രാൎത്ഥിച്ചുവരുന്നു." തന്റെ
കീഴിലുള്ള പട്ടക്കാർ എവിടെ എന്ന
ഗവൎണ്ണർ അവനോടു ചോദിച്ചു. "അ
വിടെ എന്നു പറവാൻ എനിക്കനുവ
ദമില്ല. അന്വേഷിച്ചാൽ അവരവ
സ്വന്ത സ്ഥലങ്ങളിൽ അവരെക
ണ്ടാം" എന്നു കപ്രിയാനോസ് മറുപ
പറഞ്ഞു. ക്രിസ്ത്യാനികൾ ആരാധ
ന്നായി കൂടുന്നതായാൽ മരണശിക്ഷ
യുണ്ടാകുമെന്നു ഗവൎണ്ണർ പറഞ്ഞു. ക
ൎത്തേജിൽ നിന്നും 40 മയിത്സ് ദൂര
ള്ള കരൂബീസ് എന്ന സ്ഥലത്തേക്കു
കപ്രിയാനോസിനെ നാടു കടത്തുന്ന
നു അദ്ദേഹം വിധിച്ചു. അതൊരു
ന്തോഷമുള്ള പാൎപ്പിടമായിരുന്നു.

കപ്രിയാനോസ് ഒരു സംവത്സ
അവിടെ പാൎത്തു. ആ താമസത്തി
ടയ്ക്കു അവനെ സ്നേഹിതന്മാരിൽ
ചിലർ ചെന്നുകാണുകയും സഹോദ
ന്മാൎക്കു പ്രബോധനവും ആശ്വാസ
നിറഞ്ഞ എഴുത്തുകൾ എഴുതുക
ചെയ്തു. സഹോദരന്മാരിൽ പല
കാട്ടുപ്രദേശത്തേക്കു ഓടിക്കുകയും

ചരേ തുരങ്കവേല ചെയ്യിക്കാൻ ചക്രവർത്തിയുടെ കല്പനയുണ്ടാകയും ചെയ്തപ്പോൾ പീഡിതന്മാർക്ക പണവും മററു സമ്മാനങ്ങളും അയച്ച് അവരെ ആശ്വസിപ്പിച്ചു കൊണ്ടിരുന്നു.

ആ ആണ്ടിന്റെ അവസാനത്തിൽ ഒരു പുതിയ ഗവർണർ വന്നപ്പോൾ കപ്രിയാനോസിനെ വീണ്ടും കാർത്തേജിലേക്ക വിളിച്ചു. ബിഷോപ്പന്മാരെയും, പട്ടക്കാരെയും കൊന്നുകളകയും സ്ഥാനമുള്ള ക്രിസ്ത്യാനികളെ നിസ്സ്വരാക്കി നാടുകടത്തുകയോ, വധിക്കയോ ചെയ്യണമെന്ന് ചക്രവർത്തി ഇപ്പോൾ ആജ്ഞാപിച്ചിരുന്നു. തന്റെ സമയമടുത്തു എന്ന് കപ്രിയാനോസ് കണ്ട്, ഓടിരക്ഷപെടുന്നതിന്ന സ്നേഹിതന്മാർ അവനോടപേക്ഷിച്ചതിനെ അവൻ നിരസിച്ചു. കാർത്തേജിൽനിന്നു ആറു മൈൽ ദൂരമുള്ള നാടുവാഴിയുടെ വീട്ടിലേക്ക അവനെ കൊണ്ടുപോയി. അവിടെ നാടുവാഴി അവനോടു ആദരവോടെ വർത്തിക്കയും സ്നേഹിതന്മാരുമൊന്നിച്ച് ഭക്ഷണം കഴിച്ചുകൊള്ളുന്നതിന് അനുവദിക്കയും ചെയ്തു. കപ്രിയാനോസിനെ പിടികൂടിയതായി അറിഞ്ഞ് അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന അസംഖ്യം ആളുകൾ കാർത്തേജുപട്ടണം വിട്ട് അവൻ താമസിച്ചിരുന്നിടത്തു ചെന്നു തങ്ങളുടെ ബിഷപ്പിനെ വധിക്കയോ അറിയാതെ നാടുകടത്തുകയോ ചെയ്യുമെന്നു ഭയന്നു വീട്ടിന്റെ ചുററും രാത്രി മുഴുവൻ കാത്തുനിന്നു. പിറേറദിവസം രാവിലെ കപ്രിയാനോസിനെ കച്ചേരിയിലേക്ക കൊണ്ടുപോയി. അതു ഗവർണരുടെ വസതിയിൽനിന്നു സ്വല്പം ദൂരത്തായിരുന്നു. വെയിലിന്റെ കാഠിന്യംകൊണ്ടും, നടപ്പുകൊണ്ടും അവർ വളരെ ഉഷ്ണിച്ചു അവിടെ എത്തി. ഗവർണരുടെ വരവുകാത്തിരിക്കുന്നതിനിടയിൽ മുമ്പൊരിക്കൽ ക്രിസ്ത്യാനിയായിരുന്ന ഒരു കാവൽഭടൻ ചെന്നു ഉടുപ്പുമാറുന്നതിന്ന വേറെ ഉടുപ്പുകൾ കൊടുത്തപ്പോൾ പക്ഷെ ഇന്നുകൊണ്ടു അവസാനിക്കാൻ പോകുന്ന ഈ കഴപ്പം പരിഹരിപ്പാൻ നാം എന്തിന്ന ബുദ്ധിമുട്ടുന്നു എന്നു ദയനീയമായി ബിഷപ്പു പറഞ്ഞു.

ഗവർണർ ആസനസ്ഥനായി ദേവകൾക്ക ബലികഴിപ്പാൻ കപ്രിയാനോസിനോടു ആജ്ഞാപിച്ചു. അവൻ ആജ്ഞാനിരസനം ചെയ്കയാൽ ജീവനെപ്പററി ആലോചിപ്പാൻ ഗവർണർ വീണ്ടും അവനോടാവശ്യപ്പെട്ടു. ബിഷപ്പ് ഉത്തരം പറഞ്ഞു. ഇത്ര ന്യായമായ സംഗതിക്ക വീണ്ടും ആലോചന കഴിച്ചിട്ടാവശ്യമില്ല. തന്നെ ശിരഃഛേദം ചെയ്യണമെന്നുള്ള വിധി കേട്ടപ്പോൾ ദൈവത്തിന്ന സ്തുതി എന്ന് അവൻ ഉച്ചത്തിൽ പറഞ്ഞു. നാമും പോയി അവനോടുകൂടി ശിരഃഛേദം അനുഭവിക്കാമെന്നു ജനങ്ങൾ നിലവിളികൂട്ടി. അനന്തരം അവൻ പ്രത്യേകം ഭടന്മാരാൽ വധസ്ഥലത്തേക്ക കൊണ്ടുപോകപ്പെട്ടു. കുറെ പണം അവൻ വധക്രിയ നടത്തുന്നവന്നു കൊടുത്തു. കൊല്ലപ്പെടുന്നതിന്ന മുമ്പു കണ്ണു മൂടിക്കെട്ടണമെന്നുണ്ടായിരുന്ന പതിവനുസരിച്ചു അവൻ തന്നെ തന്റെ കണ്ണുകൾ മൂടിക്കെട്ടി. അവന്റെ സ്നേഹിതന്മാരിൽ രണ്ടുപേർ അവന്റെ കൈകളെ കെട്ടി ക്രിസ്ത്യാനികൾ അവന്നുചുററും വസ്ത്രങ്ങളും തുവാലകളുംപിടിച്ച് അവയിൽ രക്തം ഏററെടുത്തു. ഇങ്ങനെ ആഫ്രിക്കയിലെ ഒന്നാം രക്തസാക്ഷിയായി ക്രിസ്ത്വാബ്ദം 258-ൽ വിശുദ്ധ കപ്രിയാനോസ മരിച്ചു.

# Christ The Monarch of the Universe.

By C. J. Rolls.

## അഖിലാണ്ഡാധിപനായ ക്രിസ്തു

(പരിഭാഷകൻ:—എം. എം. ശമുവേൽ ബി. എ. വടക്കൻപറവൂർ.)

---

"സകലത്തിനും ഞാൻ മുമ്പനാകേണ്ടതിന്" കൊലൊ 1:18.

ഉദയത്തെ ഉളവാക്കുകയും അമിതശക്തിയെ ഉൽഗമിപ്പിക്കയും ചെയ്യുന്ന ക്രിസ്തുവിന്റെ സർവ്വപ്രതാപവും, പൂർണ്ണമാഹാത്മ്യവും നിറഞ്ഞ വെളിപ്പാടിന്റെ കൊടുമുടിയിലത്രെ നാം ഇവിടെ എത്തുന്നത്. പ്രകൃതിയുടെ മേലധ്യക്ഷ്യം അവൻ വഹിച്ചിരുന്നതുപോലെതന്നെ ഇപ്പോഴും ബാഹ്യമായോ ആത്മീയമായോ യാതൊന്നും അവന്റെ അധീനതയിൽ നിന്നു മാറാതവണ്ണം അവൻ സഭയിലും കൂടി കർത്തൃത്വം വഹിക്കുന്നതിനു യോഗ്യത പ്രാപിച്ചിരിക്കുന്നു. അഖിലാണ്ഡം മുഴുവന്റെയും സിംഹാസനത്തെ അലങ്കരിക്കുന്ന ഏകപുരുഷൻ ക്രിസ്തുതന്നെ. ഈ പ്രസ്താവന ഒരു വെല്ലുവിളിയാണ്. ഇപ്പോഴത്തെ സ്ഥിതിഗതികൾ തിരുവചനവാദികൾക്കു ചിലപ്പോൾ വിപരീതമായി നിൽക്കുന്നതുകൊണ്ട് ഒരു യഥാർത്ഥദർശനം ഈ കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. ഈ പ്രസ്താവന വ്യക്തമായും സ്പഷ്ടമായും തീർക്കുന്നതിന് ഒരു യുക്തികൊണ്ടു സാധിക്കാമെങ്കിലും, സകലത്തെയും ശൂന്യാവസ്ഥയിൽ സൃഷ്ടിക്കുളയതക്കവണ്ണം വേറൊരു യുക്തികൂടെ സാധിച്ചേക്കുന്ന വരാം. ദൃശ്യമായ സ്ഥാനത്തു നിന്നു ചിലപ്പോൾ വളരെ ദൂരത്തു മാത്രമെ അവന്റെ സർവ്വപ്രാധാന്യത്തിനു നിൽക്കുവാൻ സാധിക്കയുള്ളു എന്നു തോന്നിയേക്കാം.

ഇങ്ങനെ നിരന്തരമായിരിക്കുന്ന ഇച്ഛാഭംഗത്തിനും ക്ലേശത്തിനും ഇടയുണ്ടാകുന്നതു തെറ്റായ ന്യായത്തെ അവലംബിക്കുമ്പോൾ അത്രെ. ദൃഷ്ടാന്തമായി അന്യ മതങ്ങളുടെ അസംഖ്യമായ വർദ്ധന, ക്രിസ്തീയലോകത്തിലെ ഇടരെയുള്ള വിശ്വാസത്യാഗങ്ങൾ എന്നിവ നോക്കുക. ചില സംസ്ഥാനങ്ങളെ ക്രിസ്തീയരാജ്യങ്ങൾ എന്നു വിളിക്കുന്നതു വെറും തെറ്റിദ്ധാരണയുടേയും വകവെച്ചു കൊടുക്കുന്നതിന് ഒരുങ്ങായതിന്റെയും ഫലമാണ്. എന്നു തന്നെയല്ല ക്രിസ്ത്യാനികളെന്നു അഭിമാനിക്കുന്നവരിൽ 85 ശതമാനവും ക്രിസ്തുവിന്റെ രാജ്യവർദ്ധനവിനു വേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നില്ല എന്നു സങ്കടം പറയേണ്ടിയിരിക്കുന്നു. വസ്തുതകളെ അഭിമുഖീകരിക്കുമ്പോൾ അവനു സർവ്വപ്രാധാന്യം ഉണ്ടെന്നു തെളിയുന്നില്ലയോ? എന്തു തന്നെയായാലും ഉദ്ധരിച്ചിരിക്കുന്ന വചനം അശേഷം തെറ്റാൻ പാടില്ലാത്ത സത്യമത്രെ. ക്രിസ്തുവിന്റെ ബന്ധനങ്ങളും വിജയങ്ങളും, യുദ്ധങ്ങളും പോരാട്ടങ്ങളും മനുഷ്യന്റെ മാനദണ്ഡത്താൽ അളക്കുവാൻ സാദ്ധ്യമല്ല. ക്രിസ്തുവിന്റെ നിസ്സീമമായ സഹിഷ്ണുതയിൽ അനേക നൂററാണ്ടുകളായിട്ടു കെട്ടിവരുന്ന അവന്റെ പുതിയ രാജ്യഭരണത്തിന്റെ ജാജ്വല്യമഹത്വപ്രത്യക്ഷത വെളി

പ്പെട്ടത്തുമ്പോൾ സകലത്തിലും അ
വൻ മുമ്പനെന്ന നിസ്തക്കം തെ
ളിയും. ഉദ്ധരിച്ചിരിക്കുന്ന പ്രസ്താവ
നയെ, വ്യക്തിപരമായ അറിവിന്റെ
മഹത്വത്താലും ലാവണ്യത്താലും ആ
വൃതമായിരിക്കുന്നു. അതോ, പിതാ
വിനോടുള്ള അവന്റെ ബന്ധം ആ
ത്മികാനാത്മികങ്ങളുമായ സൃഷ്ടികളോടു
ള്ള അവന്റെ ചേർച്ച എന്നിവ കൊ
ണ്ടുള്ള ആവരണം തന്നെ. അവൻ
അദൃശ്യനായ ദൈവത്തിന്റെ ദൃശ്യ
മായ പ്രതിമയും സകലത്തിന്റേയും
സ്രഷ്ടാവും, കാണപ്പെടുന്നവയുടേയും
കാണപ്പെടാത്തവയുടേയും സിംഹാസ
നങ്ങളുടേയും വാഴ്ചകളുടേയും, സൃഷ്ട
മായവയുടേയും അല്ലാത്തവയുടേയും ക
ർത്താവും ആകയാൽ സകലത്തിന്റേ
യും ആരംഭവും കാവൽക്കാരനും ആ
യിത്തീരുവാൻ യോഗ്യത പ്രാപിച്ചി
രിക്കുന്നു. ക്രിസ്തു ഹൃദയങ്ങൾ വിചാരി
ക്കുന്നതുപോലെ അത്ര പരാജിതമാക
ത്തക്കവണ്ണമുള്ള ഒരു സ്ഥാനമല്ല അ
വനുള്ളത്. നാശത്തിനാൽ ലേശം
പോലും അലട്ടപ്പെടേണ്ട ആവ
ശ്യം ഇല്ല. ഇതുവരേയും പൂർത്തിയിലെ
ത്തിയിട്ടില്ലാത്ത അവന്റെ വേല അതി
ന്റെ പൂർണ്ണതയിൽ എത്തുമെന്നുള്ള
തു് ഉറപ്പേറിയ നിശ്ചയത്താൽ പരി
ശോഭിതമായിരിക്കുന്നു. ഇനിയും യുദ്ധ
ങ്ങൾ നടത്തേണ്ടതായും ശത്രുക്കളെ
അടക്കേണ്ടതായും രാജ്യങ്ങൾ കൈവ
ശമാക്കേണ്ടതായും ജയം പ്രാപിക്കേണ്ട
തായും ശേഷിച്ചിരിക്കുന്നു എങ്കിലും വാ
സ്തവത്തിൽ അവൻ ഇന്നുതന്നെ സ
ർവ്വപ്രധാനനാണ്. ഒരു സന്മാർഗ്ഗോപ
ദേഷ്ടാവെന്ന നിലയിലും, ശക്തിമാനാ
യ ഒരു രാജാവെന്ന നിലയിലും, അദ്വി
തീയനായ ഒരു രക്ഷിതാവെന്ന നിലയി
ലും അവൻ സർവ്വപ്രധാനൻതന്നെ.
സയൻസുകളിൽ അവനെ കാണിക്കു
ന്ന വസ്തുക്കൾ അവന്റെ സർവ്വപ്രാ
ധാന്യതയെ എല്ലാ വശങ്ങളിലുംകൂടി
വിസ്തീർണ്ണമായി വർണ്ണിക്കുന്നു. അവ
ർണ്ണ്യമായ അത്ഭുതങ്ങൾ അടങ്ങിയ
ജ്യോതിശ്ശാസ്ത്രമണ്ഡലത്തിൽ (astro-
nomy) ആകാശമഹത്വങ്ങൾ കണ്ട്
അത്ഭുതപരതന്ത്രനായി തീരുന്നതിന്
ഏറ്റവും സൂക്ഷ്മമുള്ള ദൂരദർശിനി ദ്വാരാ
ളം വകയുണ്ടെങ്കിലും, വിശ്വാസത്തി
ന്റെ ദൂരദർശിനിയെ "നീതിയുടെ സൂര്യ
നം" "ഉദയനക്ഷത്ര"ത്തിനും നേർക്ക്
അവൻ തിരിക്കാത്തപക്ഷം അവിടെ
സർവ്വപ്രാധാന്യം വഹിക്കുന്ന ക്രിസ്തു എ
ന്ന കേന്ദ്രത്തെ അവൻ കാണാതെപോ
കുന്നു. ജന്തുശാസ്ത്രലോകത്തിലും
[Zoology] ഒരു വിദ്യാർത്ഥിക്കു സമസ്ത
മേഖലകളിലുമുള്ള ജന്തുക്കളെ സംബ
ന്ധിച്ച ജ്ഞാനം ഉണ്ടായിരിക്കാം. എ
ന്നാൽ "യഹൂദാഗോത്രത്തിലെ സിം
ഹ"മായവനെ അവൻ കാണാത്ത പ
ക്ഷം സർവ്വപ്രാധാന്യം വഹിക്കുന്ന ക്രി
സ്തു എന്ന ദൈവകേന്ദ്രത്തിൽ നിന്ന്
അവൻ വീണുപോകുന്നു. ഒരു പണ്ഡി
തൻ പ്രാണിശാസ്ത്രത്തിൽ (Biology)
സമർത്ഥനായാലും ദൈവത്തിന്റെ കേ
ന്ദ്രമായ ക്രിസ്തു എന്ന "ജീവന്റെ ഉറ
വ"യെ അവൻ കണ്ടുപിടിക്കാത്തപ
ക്ഷം വഴിതെറ്റിപ്പോയവൻ തന്നെ.
പലതരം ചെടികളുടെ വളർച്ചയെ സം
ബന്ധിച്ച് വളരെ ജ്ഞാനം നേടിയി
രിക്കുന്ന ഒരു ശാസ്ത്രജ്ഞൻ (Botanist)
"ജീവന്റെ വൃക്ഷം," "കീർത്തിപ്പരമാ
യ ചെടി," "നട്ടതല" എന്നിവയെ
കാണാതെയും "ശാരോനിലെ പനി
നീർ പുഷ്പം" "താഴ്വരയിലെ താമ
ര" എന്നിവയാൽ ആകർഷിക്കപ്പെടാ
തെയും ഇരുന്നാൽ അവൻ ക്രിസ്തു എ

ന്ന ദൈവകേന്ദ്രത്തിൽ നിന്നു മാറിപ്പോയിരിക്കുന്നു. പക്ഷിശാസ്ത്രജ്ഞൻ അനേകവിധത്തിലുള്ള പക്ഷികളെ സംബന്ധിച്ച പഠിച്ചിട്ടും (Ornithology) ശേഖരിയിൽ "കഴുകനും" സൗന്ദര്യത്തിൽ "പിടക്കോഴി"യും ആയ ക്രിസ്തുവുമായി പരിചയപ്പെടാത്തപക്ഷം ശരിയായ കേന്ദ്രം വിട്ടുപോയവൻ തന്നെ. ഭൂഗർഭശാസ്ത്രജ്ഞനായ ഒരുവൻ (Geologist) എല്ലാത്തരം പാറകളെ വിവേചിക്കയും തന്റെ അന്വേഷണക്രമത്തിൽ പർവ്വതഗുഹകളിൽ മൂലം പല മാറ്റങ്ങൾ കണ്ടുപിടിക്കയും ചെയ്തിട്ടുള്ളവനും കൽപാറ, മൺപാറ ഇത്യാദി അനേക യുഗങ്ങൾ പ്രായമുള്ള പാറകളുടെ ഉത്ഭവം മനസ്സിലാക്കിയവനും ആയേക്കാം. എന്നാൽ "പിളർക്കപ്പെട്ട പാറ"വരെ എന്താണെന്നോ "വിലയേറിയ മൂലക്കല്ല്" കാണാതെയോ ഇരിക്കുന്ന പക്ഷം ദൈവത്തിന്റെമായ ക്രിസ്തു എന്ന കേന്ദ്രത്തെ അവൻ പ്രാപിച്ചിട്ടില്ല—നിശ്ചയം.

ഭാഷാധ്യയനം എന്നതു നിഷ്പ്രയാസമായിത്തോന്നുന്ന ഒരു വിവിധ ഭാഷാജ്ഞാനി നിഘണ്ടുകളെ അകപ്പാടെ മനസ്സിലാക്കുകയും സാഹിത്യസാഗരം തരണം ചെയ്യുകയും ചെയ്തു എന്നിരുന്നാലും നിത്യവും പ്രധാനവും ആയ "വചന"ത്തെ അവൻ അറിയാത്തപക്ഷം സാക്ഷാൽ കേന്ദ്രമായ ക്രിസ്തുവിൽ നിന്നു അവൻ ദൂരവേ ഇരിക്കുന്നു. ഇങ്ങനെ കർത്താവായ യേശുവിന്റെ സർവ്വപ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്ന ജ്യോതിശ്ശാസ്ത്രം (astronomy) പ്രാണിശാസ്ത്രം (Zoology) ജീവശാസ്ത്രം (Biology) പക്ഷിശാസ്ത്രം (ornithology) ഭൂഗർഭശാസ്ത്രം (geology) ഭാഷാശാസ്ത്രം (Philology എന്നീ ശാസ്ത്രങ്ങളിലുള്ള പ്രതിരൂപങ്ങളെ നമുക്കു നന്നായി കാണ്മാൻ കഴിയും.

അവൻ എന്നിൽ അധികാരിയും പ്രധാനിയും ആകുന്നുവോ? സകലത്തിന്റെയും ആദ്യന്തം ഏകകർത്താവായി പ്രതിയും അവൻ തന്നെയാകുന്നുവോ? നമ്മുടെ ജീവിതത്തിൽ നാം അവന് പ്രഥമസ്ഥാനം കല്പിക്കുന്നുണ്ടോ? ആ സ്ഥാനം സ്വീകരിപ്പാൻ അവൻ സമ്പൂർണ്ണയോഗ്യതയുള്ളവനാകുന്നു. ശ്രേഷ്ഠാധികാരം അവന് നാം നൽകുന്നുണ്ടോ? അതു പരിഗ്രഹിപ്പാൻ അവൻ സന്നദ്ധൻ ആണ്. എന്നാൽ ദൈവം തന്നെ അവനെ സകലത്തിനും മുമ്പനാക്കി വച്ചിരിക്കുന്നു. അതേസ്ഥാനം തന്നെയാണ് നമ്മുടെ ഓരോ ഹൃദയങ്ങളിലും അവൻ ആഗ്രഹിക്കുന്നത്. അതു ലഭ്യമാകുന്നതുവരെ അവൻ സംതൃപ്തനാകുന്നതല്ല.

ഇവകൊണ്ടൊന്നും അവന്റെ സർവ്വപ്രാധാന്യം സ്ഥാപിച്ചുതീർന്നിട്ടില്ല. ഗലാത്യർ, എഫെസ്യർ, കൊലൊസ്സ്യർ എന്നീ ലേഖനങ്ങളെ ഒന്നിച്ചുചേർത്തു വീക്ഷിക്കുമ്പോൾ ജീവിതത്തിന്റെ അതിപ്രധാനങ്ങളായ പല കാര്യങ്ങളോടുള്ള അവന്റെ ബാന്ധവത്തെ കൂടുതലായി ഗ്രഹിക്കുന്നതിനിടയാകും. സകലവും ക്രിസ്തു എന്ന ശിരസ്സോളം എത്തിയിട്ട് അവനിലേക്കു ഒന്നിച്ചു ചേർക്ക എന്നു എഫെസ്യരിലും ഈ സകലത്തിൽ യെഹൂദൻ, യവനൻ, ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ, പരിച്ഛേദന, അഗ്രചർമ്മം, സ്ത്രീ, പുരുഷൻ എന്നിവർ സകലവും ഉൾപ്പെട്ടിരിക്കുന്നു എന്നും ഗലാത്യരിലും കൊലൊസ്സ്യരിലും പറയുന്നു. ഈ പല വിഷയങ്ങളിൽ സംസ്ഥിതി ചെയ്യുന്ന ജാതീയമായും, വർഗ്ഗീയമായും, സാമുദായികമായും

ള്ള നിലകളെ കാണിക്കുന്ന ജാതിവിഭാഗം, വർഗ്ഗീയവിഭാഗം സാമൂഹ്യവിഭാഗം, മതവിഭാഗം, ലിംഗവിഭാഗം എന്നീ ഭയങ്കരവിഭാഗങ്ങൾ അടങ്ങുന്നു. ഇപ്പോൾ കാണുന്ന എല്ലാ അസൂയയും പകയും മത്സരവും ഭിന്നതയും ദ്വേഷവും ഈ വിഭാഗസ്പർദ്ധയിൽനിന്നു ജനിച്ചിട്ടുള്ളതാണ്.

ഈ പ്രധാനവിഷയങ്ങൾ ഒരു വർത്തമാനക്കടലാസിന്റെ കമ്പിവാർത്തകളിൽ മുഖ്യഭാഗത്തേയും താഴെ കാണുന്ന സർവ്വരാജ്യസഖ്യം [The League of Nations] വർഗ്ഗീയസമത്വം [Racial Equality] ഏകമഹൈക്യം [The One Big Union] സഭകളുടെ പുനരൈക്യം (The Amalgamation of Churches) വനിതാവകാശങ്ങൾ (Woman's Rights) എന്നുള്ള അഭിധാനങ്ങളാൽ നിറച്ചിരിക്കുന്നു.

വൈഷമ്യം നന്നായി മനസ്സിലാക്കിയിട്ടുള്ള ജാത്യൈകവിഷയം ക്രമീകരിക്കുവാൻ ഒരു സർവ്വരാജ്യസഖ്യം. ഇ ഢീകരിക്കുന്ന ശ്രമമാണ് ഇപ്പോൾ രാഷ്ട്രീയലോകത്തിൽ കാണുന്നത്. ഇതുപോലെതന്നെയാണ് വർഗ്ഗീയസമത്വം പാലിക്കുന്നതിനും അങ്ങനെയുള്ള ബാധകളെ ദൂരീകരിക്കുന്നതിനും ചെയ്യുന്ന മററു ഭഗീരഥപ്രയത്നങ്ങൾ. ഒരു സഭൈക്യൈക്യതകൊണ്ടു സാമൂഹ്യസ്പർദ്ധയെ മാററുന്നതിനും സഭകളുടെ സമസ്താലോചനാസംഘങ്ങൾകൊണ്ടു മതവൈപരീത്യങ്ങൾ ധ്വംസിക്കുന്നതിനും കോടതികളിലും, മന്ത്രിസഭകളിലും സ്ത്രീകൾക്കു സമാവകാശം കൊടുത്തു മത്സരം നിർത്തൽചെയ്യുന്നതിനും പണികൾ പതിനെട്ടും മനുഷ്യൻ ഇപ്പോൾ കഴിക്കുന്നുണ്ടു്. വിഭിന്നമായിരിക്കുന്ന ഈ സംഗതികളെ ഐക്യപ്പെടുത്തുവാനുള്ള മനുഷ്യന്റെ ശ്രമം വളരെ ശ്ലാഘനീയം തന്നെ. എന്നാൽ അവയിലുള്ള അവന്റെ പ്രയോഗതന്ത്രാദികൾ പരാജയത്തിൽ അധഃപതിക്കുന്നു. ഇവ സകലത്തിന്റെയും സത്യസ്ഥാപകനായി ക്രിസ്തുവിനെ മാത്രമെ നമ്മുടെ ദൃഷ്ടിപഥത്തിൽ മുമ്പിട്ടുകാണുകയുള്ളൂ. ഭിന്നമായിക്കിടക്കുന്ന ഈ ബന്ധങ്ങളെ യോജിപ്പിക്കുന്നതിനുള്ള മഹൽപ്രയത്നം അവനുവേണ്ടി പ്രത്യേകം മാററിവെച്ചിരിക്കുന്നു. സകലത്തേയും തന്നിലേക്കുതന്നെ കൂട്ടിയോജിപ്പിക്കുമ്പോൾ യഹൂദൻ എന്നോ യവനനെന്നോ, —ജാതീയമത്സരം നിന്നുപോകും —ബർബ്ബരനെന്നോ ശകനെന്നോ, —വർഗ്ഗീയഭിന്നത അവസാനിക്കും— പരിച്ഛേദനയെന്നോ അഗ്രചർമ്മമെന്നോ—മതപ്രതിവാദം അന്തരിച്ചുപോകും — ദാസനെന്നോ സ്വതന്ത്രനെന്നോ—സാമൂഹ്യബാധകളും അപ്രത്യക്ഷമാകും —പുരുഷനെന്നോ സ്ത്രീയെന്നോ —ലിംഗവിഭാഗം ലയിച്ചുപോകും— ഉണ്ടാകയില്ല.

സാമർത്ഥ്യമുള്ള അനേകരുടെ സംശയത്തിനപ്പുറമായ വിധത്തിലാണ് കാലങ്ങളെ വളരെ കൃത്യമായി തിരുവചനം പ്രവചിച്ചിരിക്കുന്നതു്. ടിസ്സോട്ട് എന്ന പേരായ ഒരു സുപ്രസിദ്ധ ആംഗ്ലേയ ചിത്രമെഴുത്തുകാരൻ കാല്വറിയിലെ മഹൽ കാഴ്ചയെ കാണിക്കുന്നതിന്നു് ഒരു കുന്നിന്മേൽ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ഒരു രൂപം കേന്ദ്രത്തിലും, ജാതിമതസ്ഥരുടെ പ്രാതിനിദ്ധ്യം വഹിക്കുന്ന ചിലർ അതിനു ചുററും ആ കേന്ദ്രപുരുഷനാൽ ആകർഷിക്കപ്പെട്ടും സ്വാഗതം ചെയ്യപ്പെട്ടും സംതൃപ്തരാക്കപ്പെട്ടും കാണിക്കുന്ന ഒരു വലിയ ചിത്രം എഴുതിയിട്ടുണ്ട്. ക്രിസ്തു താൻ തന്നെ ജാതികളിൽ

...നിയും ഏകച്ഛത്രാധിപതിയായും, വ
...ജ്ജീയ മത്സരങ്ങളെ തീൎത്ത് ഏ
... സംഘടിതാവായും, സാമൂഹ്യ ബ
...ളുകളെ ധ്വംസിച്ച് ഏകന്യായാധി
...പതിയായും, മതപ്രതിവാദങ്ങളെ അ
...ത്തി ഏക അധികാരപൂൎണ്ണനായും,
...ിംഗവ്യാധിഗണത്തെ ദൂരീകരിച്ച് ഏക
...വൈദ്യസ്ഥനായും വാഴുന്നതായിരിക്കും.
...പ്പോൾ ലോകത്തിൽ സ്ഥിതി ചെ
യ്യുന്ന എല്ലാ സ്പൎദ്ധയും മത്സരവും അ
വൻ അവസാനമായി നീക്കം വ...
ത്തുകയും തന്റെ അതിപാവനമായ...
വിശുദ്ധതയിൽ എല്ലാവരെയും സ്...
ഹാർദ്ദത്തിലും സമാധാനത്തിലും സം...
യോജിപ്പിക്കുകയും ചെയ്യും.
"യേശുക്രിസ്തുരാജാവാകുംസാമ്രാജ്യമിയിൽ
സേവകരാംനാമുംകൂടെവാഴും
തേജസ്സിൽ"

# ആത്മസ്നാനം

[ഇ. എച്ച്. നോയൽ; മിഷ്യനറി, കമ്പനാട്ട്]

... തിരുവെഴുത്തിലുള്ള പല സത്യങ്ങ
...ൾക്ക് എന്നപോലെ ഈസത്യത്തിനും
...നുഷ്യർ ദൈവം ഉദ്ദേശിച്ചിട്ടില്ലാത്ത
...ൎത്ഥംകൊടുത്തു കയറിയിട്ടിരിക്ക
... തങ്ങൾക്ക് ഈയിടെ ഒരു പുതിയ
...ആത്മസ്നാനം ലഭിച്ചു എന്ന് ചിലർ
...പ്രശംസ പറഞ്ഞുകേൾക്കുന്നു. മറ്റു
...ചിലർ കാണുമ്പോഴെല്ലാം നീ പരി
...ശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു
...ചോദിക്കുന്നു. ഈ വിഷയം മാസികയു
...ടെ കഴിഞ്ഞ ലക്കത്തിൽ ഞാൻ വിമ
...ൎശിച്ചിരുന്നതു വായനക്കാർ കണ്ടിരി
...ക്കുമല്ലോ.

എന്നാൽ ഇക്കൂട്ടരുടെ അഭിപ്രായം
...തെറ്റുതന്നെ. കാരണം ആത്മസ്നാന
...ത്തെ ഓരോ വ്യക്തിയോടും പ്രത്യേകം
...ഘടിപ്പിക്കയാണ് ഇവർ ചെയ്യുന്നത്.
...വേദപുസ്തകത്തിൽ കാണുന്നത് ഈ
...വിധമല്ല. പിന്നെയോ വിശുദ്ധന്മാരു
...ടെ സമാജഘടനയോടും ഏകോപിച്ചു
... സാക്ഷ്യത്തോടും ഇണച്ചത്രേ ആ
...ത്മസ്നാനത്തെക്കുറിച്ച് അതിൽ പറ
...ഞ്ഞിട്ടുള്ളത്. ഞാൻ ഇതു തെളിയിക്ക
...ാം. പ്രവൃ: 1:5-ൽ മരിച്ചവരിൽ നി
...ന്ന് ഉയിൎത്ത കൎത്താവായയേശു വിശ്വാസി

ച്ചു യഹൂദന്മാരുടെ സംഘത്തോടു സം...
സാരിക്കുമ്പോൾ "നിങ്ങൾക്കോ ഇ...
ഏറിയനാൾ കഴിയുംമുമ്പെ പരിശു...
ദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും."
എന്നു പറഞ്ഞിരിക്കുന്നു. ഈ വാക്യ...
ത്തിൽ നിങ്ങൾ എന്നു പറഞ്ഞിരിക്കു...
ന്നത്, എല്ലാവരും ഉൾപ്പെട്ട ഒരു കൂ...
ട്ടത്തെയാണ്. കൂടാതെ 2-ാം-ൽ ...
ത്തുവിന്റെ സ്വൎഗ്ഗാരോഹണാനന്തരം...
പത്രോസ് അപ്പോസ്തോലൻ നൂററി...
പതുകളോളം വരുന്ന ഈ കൂട്ടത്തോ...
ടുതന്നെ സംസാരിക്കുന്നതായികാണാം...
രണ്ടാമദ്ധ്യായത്തിൽ ശിഷ്യന്മാർ എ...
ല്ലാവരും ഒരു സ്ഥലത്തു കൂടിയിരുന്ന...
എന്നും കൎത്താവായ യേശു പറഞ്ഞ...
ഒരുന്ന പരിശുദ്ധാത്മസ്നാനം അവർക്ക്...
ണ്ടായി എന്നും വായിക്കുന്നു. പെന്ത...
ക്കോസ്തു ദിവസത്തിൽ വിശുദ്ധവും വ...
ഴ്ത്തപ്പെട്ടതും തേജസ്സുള്ളതുമായ ത്രി...
ത്വത്തിൽ മൂന്നാമത്തെയായ പരിശു...
ദ്ധാത്മാവു ഇറങ്ങിവന്നശേഷം തി...
രികെ പോകാതെ വിശ്വസിക്കുന്നവ...
രുടെ കൂട്ടത്തെ സ്വൎഗ്ഗത്തിലുള്ള കൎത്താ...
വായ യേശുക്രിസ്തു എന്ന തേജസ്സ...
കരിക്കപ്പെട്ട ശിരസ്സിനോടു ഘടിപ്പിച്ചു...

കൊണ്ട് ഏകശരീരമായി രൂപീകരിക്കയത്രെ ചെയ്തത്. ഇത് എത്രയും വാസ്തവം തന്നെ. പ്രവൃ: ൯-ൽ തർസൂസ്യകാരനായ ശൗലിനെക്കുറിച്ചു പറയുന്ന ഭാഗത്തു വിശ്വാസികളെ ഉപദ്രവിപ്പാനായിട്ടു ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ട് അവൻ ദമസ്കൊസിലേക്കു പുറപ്പെട്ടപ്പോൾ ശൗലേ, ശൗലേ നീ എന്തുകൊണ്ട് എന്നെ ഉപദ്രവിക്കുന്നു എന്നു കർത്താവായ യേശു സ്വർഗ്ഗത്തിൽനിന്നു വിളിച്ചുപറഞ്ഞ വചനത്തിൽ എന്നെ എന്നുള്ളത് യേശുവിന്റെ ശരീരം അതായതു വിശ്വാസികളുടെ സംഘത്തെ ഉദ്ദേശിച്ചു മാത്രമായിരുന്നു. എന്തുമാത്രം വിസ്മയകരമായ ഐക്യമാണിത്; പ്രവൃ:൧൦ൽ വേറെ ഒരു കൂട്ടത്തെക്കുറിച്ചു നാം വായിക്കുന്നു. മുൻപടി അതു യരുശലേമിലല്ലായിരുന്നു. നേരെമറിച്ചു കൈസര്യയിൽ കൂടിയ ആ കൂട്ടത്തിൽ യഹൂദന്മാർ മാത്രമല്ല, ജാതികളും ഉണ്ടായിരുന്നു. ഈ കൂട്ടത്തിലേക്കു പത്രൊസ്അപ്പോസ്തലനെ പരിശുദ്ധാത്മാവ് നിയോഗിച്ചയച്ചു. വാക്യം, ൧൯. രണ്ടാം അദ്ധ്യായം ൩൮-ാം വാക്യത്തിൽ അവൻ യഹൂദന്മാരോടു പാപങ്ങളുടെ മോചനം പ്രസംഗിച്ചതുപോലെതന്നെ, അവരോടും അവൻ സംസാരിക്കുമ്പോൾ "പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെമേൽ പകരപ്പെട്ടു" എന്ന് തിരുവെഴുത്തു പറയുന്നു. ഇതിനാൽ യഹൂദനും ജാതിക്കും ഒരേ സ്ഥാനമാണ് ഉള്ളതെന്നു വളരെ തെളിവായ വിധത്തിൽ രേഖപ്പെടുത്തുന്നതിനിടയായി. 1കൊരി: 12,13 ലെ ഉദ്ദിഷ്ടവും ഇതുതന്നെ. നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിനാൽ സ്നാനം ഏറ്റിരിക്കുന്നു. പുതിയ സൃഷ്ടിയിൽ ജാതിവ്യത്യാസമില്ല. ഈ പുതുസൃഷ്ടിയാകുന്ന ഏകശരീരം ഭൂമിയിൽ സ്ഥിതിചെയ്യുന്നു. ഏകാത്മാവിനാൽ മഹത്വത്തിലുള്ള ശിരസ്സിനോടു ഘടിപ്പിക്കപ്പെട്ടിട്ടുള്ള ആ ശരീരം ക്രിസ്തു എന്നു വിളിക്കപ്പെടുന്നു. [൧ കോരി.൧൨: ൧൨. ശ്രീക നോക്കുക] ക്രിസ്തുവിന്റെയും സഭയുടെയും അത്ഭുതകരമായ സദൃശമായി [ഉല്പ: ൫:൨ൽ സ്ത്രീ പുമാന്മാരെ ഏകീകരിച്ച് ആദാം എന്നു വിളിച്ചിരിക്കുന്നു. "അവർ സൃഷ്ടിക്കപ്പെട്ട നാളിൽ അവർക്കു ആദാം എന്നു പേരിട്ടു." ഒരേ ആത്മാവിനാൽ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്ന ഭൂമിയിലെ ഏകശരീരമാകുന്ന സഭ അസംഖ്യം അംഗങ്ങൾ അടങ്ങീട്ടുള്ളതത്രേ. ഇതു പരിശുദ്ധാത്മസ്നാനത്തിന്റെ ഫലമാകുന്നു. സ്നാപകൻ കർത്താവായ യേശുക്രിസ്തു ഒരുവൻ [യോഹ. ൧:൩൩; മത്തായി ൩:൧൧] "അവൻ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തും"

# ഗതസ്സേമനയിലെ ക്രിസ്തു.

(കെ. എം. വറുഗീസ് — കാളേജ് വിദ്യാൎത്ഥി)

---

അവ്യാജഭക്തികലരും നിജശിഷ്യരൊത്തു
നിൎവ്വാണദായി പരമാത്മതനൂജദേവൻ
സൎവ്വേശപാദസരസീരുഹസേവനാൎത്ഥ-
മാവിഷ്ടനായി "ഗതസേമനി" വാടിതന്നിൽ. 1

അക്ഷാമധൎമ്മവിഭവൻ — സുജനോപസേവ്യ-
സുക്ഷീരസിന്ധു, — നിജശിഷ്യരൊടോതിയേവം: —
"അക്ഷീണരായിവിടിരുന്നിൻ സുപ്തിയെന്നി-
യക്ഷയ്യമായ പരമൻപദമോൎത്തുകൊൾവിൻ. 2

കാപട്യമററിവിടൊരേടമണഞ്ഞു, ചേത-
മാപത്തൊഴിച്ചിടുവതിന്നതിഭക്തിയോടെ,
താപത്രയത്തെ വിഹനിച്ചിടുമെൻ പിതാവിൻ
ശ്രീപത്തിലൎത്ഥന നടത്തി മടങ്ങിടാം ഞാൻ." 3

കൈവല്യമുള്ളുഹൃദി ചേൎന്ന ശിമോനെ, മൻപു-
കൈവന്ന സെബദിതനൂജരെയൊത്തു മാത്രം
വൈവശ്യമേററതിയലുംപടി താൻ കടന്നി-
താ, വൻപൊഴും മലർവനത്തിനകത്തു നാഥൻ. 4

ചിന്താഭരങ്ങളതുഹൃദന്തരമോടുമീശൻ
ഹന്താവവൎക്കവിടിരിപ്പതിനാജ്ഞ നൽകി,
ചെന്താമരോപമപദദ്വയമൂന്നി മന്ദം
തൻതാതഭക്തിവശനായെഴുന്നള്ളി വീണ്ടും. 5

സീമാവിഹീനമഹിമാവെഴുമേശുദേവ-
നാമഞ്ജുവാം മലർവനത്തിലൊരേടമെത്തി,
ഭൂമണ്ഡലം ത്രിദിവമെന്നിവ സൃഷ്ടിചെയ്ത-
ഭൂമന്റെ തൃക്കഴലു വീണു നമസ്കരിച്ചാൻ. 6

ഉൾക്കൊള്ളുമുഗ്രതമമാം കദനാഗ്നിഖണ്ഡ-
മുൾക്കൊണ്ട ചേതസി, വിചാരസമീരണൻ,
ഉൾക്കാറ്റടിക്കെ നിജതാതനൊടങ്ങു മന്ദ-
നക്രിസ്തുദേവനഭയാൎത്ഥന ചെയ്തിവണ്ണം: — 7

"ത്യാഗീന്ദ്രരാത്തകുതുകത്തൊടു കാട്ടിവായ്ക്കും
സംഗീതഭംഗിയെഴുമസ്ഥിരതാമാല്യം,

അംഗീകരിച്ചവരിലാശു ഗുണം വളർത്തും
യോഗീന്ദ്ര! താവകപാദം ശരണം സദാ മേ. 8

വങ്കാററടിച്ചുമറിയുന്നതരംഗജാല-
മങ്കേവഹിച്ചനദിയിൽ ചെറുവഞ്ചി പോലെ,
വങ്കാതരത്വമതിലാണ്ടിതു മേ ഹൃദന്തം
നിൻകാലുതന്നെയടിയന്നിവിടെത്തുണയ്ക്കായ്. 9

മുപ്പാരിനീശ! ഭഗവൻ! കഴിയുന്നതെങ്കി-
ലിപ്പാനപാത്രമവിടന്നൊഴിവാക്കിടേണം
അപ്പാ! ഭവാനകഴിയാത്തതിലൊന്നുപോലു-
മിപ്പാരിലില്ലതിനതെല്ലവിവാദമുണ്ടോ? 10

മായാസമുദ്രതരണത്തിനമാർഗ്ഗമെന്നി- —
യായാസമോടു തവസന്നിധിപൂകുവോർക്കായ്
ഭീയാർത്തിയെന്നിവ ഹനിച്ചു സുഖത്തെ നൽകും
മായാമയാ! തവഹിതംപോലെമെൻശരണ്യം” 11

ലോകാവനത്തിനവതാരമെടുത്ത പുണ്യ-
ശ്ലോകാഢ്യനങ്ങിതി നിജാർത്ഥന ചെയ്തശേഷം
സച്ചിത്സ്വരൂപഭജനത്തെ വെടിഞ്ഞുറങ്ങും
തച്ഛിഷ്യർതന്നരികിലെത്തിയതീവശോകാൽ 12

ചിത്സാരനായഭഗവാനതുകണ്ടു ചൊല്ലീതപ്പോൾ
വാത്സല്യലീനമൊരുശാസനയിന്നവണ്ണം —
“സത്സാരവേദി! വിമലാത്മക! പേത്രു! നിങ്ങ-
ളുത്സാഹമററിഹസുഷുപ്തികലർന്നതെന്തേ? 13

ജാഗ്രത്തുമോടുജഗതീപതിതൻപദാബ്ജ-
മാഗസ്സണിക്കവതിനായ് പ്രണമിച്ചുനിങ്ങൾ
ഉഗ്രാർത്തിസങ്കലിതമാം പരീക്ഷണത്തിൽ
വ്യഗ്രതപെട്ടെന്നിടിപെടാതമരാൻ ശ്രമിപ്പിൻ. 14

സന്ദേഹമില്ല ഹൃദയം കൃതകൃത്യനാവാൻ
മന്ദേതരാദരമിതേറെ കൊതിപ്പു നിത്യം;
മൃൽപിണ്ഡമോ കളങ്കയുക്തമനർത്ഥവാല്പ-
ല്യത പന്നമാക്കിടുമതിന്നവലത്വവിഘ്നം.” 15

വിശ്പാലിനന്ദിതയശോധനനോടു ദേവ-
നാശപ്രസഹീനമിളവന്നുമൊരുൾപ്പശേഷം